OASIS
NEWS BULLETIN മരുപ്പച്ച
Older Adults Sharing In Service
STATE BANK OF INDIA PENSIONERS' ASSOCIATION (KERALA) KOTTAYAM DISTRICT CENTRE
Vol. III Book. 04 Regd. No. ER/450/2001 1196 മേടം- എടവം മേയ് Date: 31.05.2021




1886 ൽ അമേരിക്കയിലെ ചിക്കാഗോയിൽ നടന്ന ഹേയ് മാർക്കറ്റ് കൂട്ടക്കൊലയുടെ സ്മരണകളുണർത്തി ഈ വർഷവും മേയ് ദിനം കടന്നു പോയി. സമാധാനപരമായി യോഗം ചേരുകയായിരുന്ന തൊഴിലാളികളുടെ യോഗ സ്ഥലത്തേക്ക് ഒരജ്ഞാതൻ ബോംബെറിയുകയും, തുടർന്ന് തൊഴിലാളികളുടെ നേർക്ക് പോലീസ് തുടർച്ചയായി വെടിയുതിർക്കുകയും ആയിരുന്നു. . പോലീസ് നടത്തിയ ഈ വെടിയുതിർക്കൽ കൂട്ടക്കൊലയിലാണ് കലാശിച്ചത്. ഇതായിരുന്നു ഹേമാർക്കറ്റ് കൂട്ടക്കൊല.

ലോകവും സമ്പദ് വ്യവസ്ഥയും ഭരണ ക്രമങ്ങളും സാമൂഹ്യ ആചാരങ്ങളും മൂല്യങ്ങളും എണ്ണമറ്റ പരിവർത്തനങ്ങളിലൂടെ കടന്നു പൊയ്ക്കൊണ്ടിരിക്കുന്നു. പുതിയ പുതിയ സാമൂഹിക വ്യവസ്ഥകൾ രൂപം പ്രാപിക്കുകയും വളരുകയും ചെയ്യുന്നു. എങ്കിലും ഇന്നും തൊഴിലാളി ദിനത്തിന്റെ പ്രസക്തി ഇല്ലാതാകുന്നില്ലയെന്നത് നമ്മെ ഇരുത്തി ചിന്തിപ്പിക്കുവാൻ പോരുന്നതാണ്.

## മേയ് 9 ഞായറാഴ്ച മാതൃദിനം




മാതൃത്വത്തേയും മാതാവിനേയും പ്രകീർത്തിക്കുന്ന ദിവസമാണ് മാതൃദിനം. ലോകത്തിലെ പലഭാഗങ്ങളിലും മാതൃദിനം പല ദിവസങ്ങളിലായാണ് ആഘോഷിച്ചു വരുന്നത്. പ്രധാനമായും മാർച്ച്, മെയ് മാസങ്ങളിലാണ് ആഘോഷിക്കുന്നത്.

അമ്മതൻ നോവും നിനവും വ്രതങ്ങളും
മക്കൾതൻ മേന്മയ്ക്ക് വേണ്ടിമാത്രം
അമ്മയെൻ നന്മ നിനച്ചു പ്രാർത്ഥിച്ചീടു-
മെന്നേക്കാളേറെ കരുതലോടെ...

**മാതൃദിനാശംസകൾ**

# സ്വാഗതം!



സ്റ്റേറ്റ് ബാങ്ക് സ്റ്റാഫ് യൂണിയൻ കേരളാ സർക്കിൾ മുൻ ജനറൽ സെക്രട്ടറി ശ്രീ.എ.രാഘവന് എസ്.ബി. ഐ.പെൻഷനേഴ്സ് അസ്സോസിയേഷൻ മുൻ ജനറൽ സെക്രട്ടറി ശ്രീ.ജോൺ ജോസഫ്, പെൻഷനേഴ്സ് അസ്സോസിയേഷനിലേയ്ക്ക് സംഘടനയുടെ ഐ.ഡി. കാർഡ് നല്കി സ്വാഗതം ചെയ്തപ്പോൾ. എസ്.ബി. ഐ പെൻഷനേഴ്സ് അസ്സോസിയേഷൻ ജനറൽ സെക്രട്ടറി ശ്രീ. എ.ജയകുമാറിനേയും കാണാം.

## സ്റ്റേറ്റ് ബാങ്ക് സ്റ്റാഫ് യൂണിയൻ (കേരളാ സർക്കിൾ) പുതിയ ഭാരവാഹികൾ



സ്റ്റേറ്റ് ബാങ്ക് സ്റ്റാഫ് യൂണിയന്റെ പുതിയ ഭാരവാഹികൾ പ്രസിഡന്റ് ശ്രീ.എസ്.അഖിൽ, ജനറൽ സെക്രട്ടറി ശ്രീ.ഫിലിപ്പ് കോശി, ട്രഷറാർ ശ്രീ. എ.എൻ.വിശ്വംഭരൻ എന്നിവർ എസ്.ബി.ഐ.പെൻഷനേഴ്സ് അസ്സോസിയേഷൻ മുൻ ജനറൽ സെക്രട്ടറി ശ്രീ.ജോൺ ജോസഫ് എസ്.ബി.ഐ.പെൻഷനേഴ്സ് അസ്സോസിയേഷൻ ജനറൽ സക്രട്ടറിശ്രീ.എ.ജയകുമാർ എന്നിവർക്കൊപ്പം സ്വീകരണ ചടങ്ങിൽ.




## പണപ്പെരുപ്പം 10.49 %

മൊത്തവില സൂചികയെ അടിസ്ഥാനമാക്കിയുള്ള രാജ്യത്തെ പണപ്പെരുപ്പ നിരക്ക് 10.49 ശതമാനത്തിന് മുകളിലായി. കോവിഡ് ലോക്ക്ഡൗണായിരുന്ന 2020 ഏപ്രിലിൽ ഇത് മൈനസ് 1.5 ശതമാനമായിരുന്നു. ആഗോള വിപണിയിൽ ഉത്പന്നങ്ങളുടെ വില കുതിച്ചതാണ് പണപ്പെരുപ്പം കൂടാനിടയാക്കിയത്.

## എയർടെൽ പേയ്മെന്റ് ബാങ്ക് പലിശ വർദ്ധിപ്പിച്ചു




എയർടെൽ പേയ്മെന്റ് ബാങ്ക് പലിശ വർദ്ധിപ്പിച്ചു. ഒരു ലക്ഷത്തിന് മേലുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലുള്ള നിക്ഷേപങ്ങളുടെ വാർഷിക പലിശ നിരക്ക് 6 ശതമാനമായി വർദ്ധിപ്പിച്ചു. സേവിംഗ്സ് ബാങ്ക് ബാലൻസ് 2 ലക്ഷമാക്കാനുള്ള റിസർവ് ബാങ്ക് അനുമതി ലഭിച്ചതിന് പിന്നാലെയാണ് ഈ വർദ്ധന.

## കോവിഡ് പ്രതിരോധഉത്തിന് എസ്.ബി.ഐ.യുടെ ധനസഹായം

കോവിഡ് പ്രതിരോധനത്തിന് എസ്.ബി.ഐ. 71 കോടി രൂപയുടെ ധനസഹായം പ്രഖ്യാപിച്ചു. ഇതിൽ **30** കോടി രൂപ കോവിഡ് രൂക്ഷമായ കേന്ദ്രങ്ങളിൽ 1000 കിടക്കകളുള്ള താത്ക്കാലിക ആശുപത്രികൾ, 250 ഐ.സി.യു. ബെഡ്ഡുകൾ, 1000 ഐസൊലേഷൻ

ബെഡ്സ് സൗകര്യങ്ങൾ എന്നിവ സജ്ജമാക്കാൻ ഉപയോഗിക്കും.

## അഞ്ചുലക്ഷം രൂപവരെ അടിയന്തര വായ്പ

കോവിഡ് പ്രതിസന്ധി നേരിടാൻ റിസർവ് ബാങ്ക് പ്രഖ്യാപിച്ച അടിയന്തര വായ്പാപ്പദ്ധതികൾ നടപ്പാക്കിത്തുടങ്ങിയതായി ഇന്ത്യൻ ബാങ്ക് അസോസിയേഷൻ (ഐ.ബി.എ.), വ്യക്തികൾക്ക് കോവിഡ് അനുബന്ധ ചികിത്സകൾക്കായി അഞ്ചുലക്ഷം രൂപവരെ അടിയ വായ്പയായി നൽകും.

ശമ്പളക്കാർക്കും പെൻഷൻകാർക്കും ശമ്പളേതരക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കായും 25,000 രൂപ മുതൽ പരമാവധി അഞ്ചുലക്ഷം രൂപവരെ ലഭിക്കും. പണലഭ്യതയനുസരിച്ച് ഓരോ ബാങ്കിലും പലിശ നിരക്കിൽ വ്യത്യാസമുണ്ടാകും. എസ്.ബി.ഐ.യിൽ 8.5 ശതമാനമായിരിക്കും പലിശ നിരക്കെന്ന് ചെയർമാൻ ദിനേശ് ഖാര പറഞ്ഞു. അഞ്ചുവർഷമാണ് വായ്പാ കാലാവധി. കൂടാതെ, ആരോഗ്യമേഖലയിൽ കോവിഡ് വായ്പകൾക്ക് മുൻഗണനാ വായ്പകളുടെ പരിഗണന ലഭിക്കുമെന്ന് ഐ.ബി.എ. ചെയർമാൻ രാജ് കിരൺ റായ് പത്രസമ്മേളനത്തിൽ അറിയിച്ചു.

## എസ്.ബി.ഐ.ക്ക് 6,451 കോടി രൂപ ലാഭം

എസ്.ബി.ഐ.ക്ക് മാർ ച്ച് 31 ന് അവസാനിച്ച നാലാം പാദത്തിൽ 6460.75 കോടി രൂപയുടെ അറ്റാദായം. നികുതിക്കു മുമ്പുള്ള ലാഭം മുൻ വർഷത്തെ 4,970.04 കോടിയിൽനിന്ന് 8,649.12 കോടി രൂപയായി ഉയർന്നു . മുൻവർഷത്തെ അപേക്ഷിച്ച് 80.14 ശതമാനം വർധന .ഓഹരിയൊന്നിന് നാലു രൂപ ലാഭവീതം നൽകാനും ബാങ്ക് തീരുമാനിച്ചു .

മൊത്തം നിഷ്ക്രിയ ആസ്തി 2020 സാമ്പത്തിക വർഷം നാലാംപാദത്ത ലെ 6.16 ശതമാനത്തിൽ നിന്ന് 4.9 ശതമാനമായി കുറഞ്ഞു . ഇക്കാലയളവിൽ അറ്റ നിഷ്ക്രിയ ആസ്തി മുൻ വർഷം ഇതേകാലത്ത് 2.23 ശതമാനയായിയിരുന്നത് 1.50 ശതമാനമായും കുറഞ്ഞു .



## റിസർവ്വ് ബാങ്ക് ഡെപൂട്ടി ഗവർണർ ബി.പി.കനുങ്കൊ വിരമിച്ചു

റിസർവ്വ് ബാങ്ക് ഡെപൂട്ടി ഗവർണർ ബി.പി.കനുങ്കൊ ഒരു വർഷത്തെ സേവന കാലാവധി നീട്ടിയ ശേഷം ഏപ്രിൽ രണ്ടിന് വിരമിച്ചു.

## ശ്രീ.ടി.രവിശങ്കർ റിസർവ്വ് ബാങ്ക് ഡെപൂട്ടി ഗവർണർ

ഡെപൂട്ടി ഗവർണർ ബി.പി.കനങ്കൊ കഴിഞ്ഞ മാസം വിരമിച്ച ഒഴിവിലേയ്ക്ക് നിലവിൽ ആർ.ബി.ഐ. ഡയറക്ടറായ ശ്രീ.ടി.രവിശങ്കറെ നിയമിച്ചു. അദ്ദേഹം തിങ്കളാഴ്ച ചുമതലയേറ്റതായി റിസർവ് ബാങ്ക് അറിയിച്ചു.



ശ്രീ. ടി.രവിശങ്കർ

അദ്ദേഹത്തിന്റെ കാലാവധി 3 വർഷമായിരിക്കും. രവിശങ്കർ നേരത്തെ റിസർവ് ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടറായിരുന്നു. മൈക്കൽ ഡി. പത്ര, മുകേഷ് കുമാർ ജെയിൻ, രാജേശ്വർ റാവു എന്നിവരാണ് മറ്റ് മൂന്ന് ഡെപ്യൂട്ടി ഗവർണർമാർ. ഡെപ്യൂട്ടി ഗവർണർ സ്ഥാനത്തേക്ക് ശങ്കറിനെ നിയമിച്ചതോടെ റിസർവ് ബാങ്ക് നാല് ഡെപ്യൂട്ടി ഗവർണർമാരുടെ വകുപ്പ് പുന ക്രമീകരിച്ചു. .

കരിയർ മാനേജ്മെന്റ്, ഇൻഫർമേഷൻ ടെക്നോളജി, ഫോറിൻ എക്സ്ചേഞ്ച് ഉൾപ്പെടെ 8 വകുപ്പുകളുടെ ചുമതല പുതിയ ഡെപ്യൂട്ടി ഗവർണർ ടി രവിശങ്കർ വഹിക്കും. ബാഹ്യ നിക്ഷേപം, പ്രവർത്തനങ്ങൾ, സർക്കാർ, ബാങ്ക് അക്കൗണ്ടുകൾ, പേയ്മെന്റ്, സെറ്റിൽമെന്റ് സംവിധാനങ്ങൾ, ആഭ്യന്തര കടം മാനേജുമെന്റ് എന്നിവ കൂടാതെ വിവരാവകാശ വകുപ്പിന്റെ ചുമതല ശങ്കർ വഹിക്കും.

## ശ്രീ.ജോസ്.ജെ.കാട്ടൂർ റിസർവ്വ് ബാങ്ക് എക്സിക്യൂട്ടിവ് ഡയറക്ടർ

റിസർവ് ബാങ്ക് ( ആർ ബിഐ ) എക്സിക്യൂട്ടീവ് ഡയറക്ടറായി മലയാളിയായ ജോസ് ജെ . കാട്ടൂർ നിയമിതനായി . ശ്രീ.ടി. രവിശങ്കർ ഡെപ്യൂട്ടി ഗവർണർ സ്ഥാനമേറ്റതിന് ശേഷം ഒഴിവു വന്ന എക്സിക്യൂട്ടിവ് ഡയറക്റ്റർ സ്ഥാനത്ത് ശ്രീ.ജോസ്.ജെ.കാട്ടൂർ നിയമിതനാകുക

യായിരുന്നു . കർണാടകയിൽ ആർബിഐ റീജിയണൽ ഡയറക്ടറായി പ്രവർത്തിച്ചു വരികയായിരുന്നു



**ജോസ്.ജെ.കാട്ടൂർ**

ആർ.ബി.ഐയുടെ മാനവ വിഭശേഷി , കോർപറേറ്റ് , ബജറ്റ് രാജ്യഭാഷ തുടങ്ങിയ വിഭാഗങ്ങളുടെ ചുമതലയാണ് ഇദ്ദേഹത്തിന് നൽകിയിരിക്കുന്നത്. മൂന്നു പതിറ്റാണ്ടിലേറെയായി ആർബിഐയിൽ പ്രവർത്തിക്കുന്ന ജോസ് ജെ . കാട്ടൂർ കറൻസി മാനേജ്മെന്റ് , വിവര വിനിമയം തുടങ്ങി വിവിധ വിഭാഗങ്ങളിൽ ചുമതല വഹിച്ചിട്ടുണ്ട് . നിയമനം ഈ മാസം നാലിന് പ്രാബല്യ ത്തിലായെന്നും ആർബിഐ അറിയിച്ചു . ഒരു ചീഫ് ഫിനാൻഷ്യൽ ഓഫീസറടക്കം 13 എക്സിക്യൂട്ടീവ് ഡയറക്ടർമാരാണു നിലവിൽ ആ ർ. ബി. ഐയിലുള്ളത്. **നമ്മുടെ കാഞ്ഞിരപ്പള്ളി ഏരിയ അംഗം ടോംസ് കാട്ടൂർ ജേഷ്ഠ സഹോദരനാണ്.** എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ഹൃദയംഗമമായ അഭിനന്ദനങ്ങൾ!

## ആർ.ബി.ഐ.യുടെ കോവിഡ് കാല കൈത്താങ്ങ്

കൊവിഡ് 19 അടച്ചിടലിന്റെ സാഹചര്യത്തിൽ സമ്പദ് വ്യവസ്ഥയിൽ ഉണ്ടായ പ്രതിസന്ധി ലഘൂകരിക്കുന്നതിനായി റിസർവ് ബാങ്കിന്റെ സമയോചിതമായ ഇടപെടൽ തുടരുന്നു.

- ആരോഗ്യ മേഖലയ്ക്ക് കോവിഡ് –19 വായ്പ്പകൾ നല്കുന്നതിനായി 50,000 കോടി രൂപയുടെ സാമ്പത്തിക ശ്രോതസ് ആർ.ബി.ഐ. ലഭ്യമാക്കും. വാക്സിനേഷൻ നിർമ്മാതാക്കൾ, ഇറക്കുമതി ചെയ്യുന്നവർ/ വാക്സിനുകൾ വിതരണം ചെയ്യുന്നവർ, മുൻഗണന എന്നിവയുൾപ്പെടെ നിരവധി സ്ഥാപനങ്ങൾക്ക് പുതിയ വായ്പ നൽകുന്നതിന് 25 കോടി രൂപ എക്സ്പോഷർ ഉപയോഗിച്ച് ആർബിഐ 50, .000 കോടി രൂപയുടെ പണലഭ്യത ബാങ്കുകൾക്ക് നൽകും.
- കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ വായ്പ്പ തിരിച്ചടവിന് പ്രയാസം അനുഭവിക്കുന്ന ചെറുകിട സംരംഭകരുടെ വായ്പ്പകൾ പുനർനിർണ്ണയം ചെയ്ത് കൊടുക്കുന്നതിന് റിസർവ്വ് ബാങ്ക് അനുവദിക്കും. 25 കോടി വരെയുള്ള വായ്പകളുടെ പുനഃക്രമീകരണത്തിന് നടപടിയായി.
- മൊറട്ടോറിയം യോഗ്യത: 2020 ൽ വായ്പകൾ പുനസംഘടിപ്പിക്കാത്തതും 2021 മാർച്ച് വരെ സ്റ്റാൻഡേർഡ് അക്കൗണ്ടുകളായി തിരിച്ചതുമായ വ്യക്തികൾക്കും ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കും രണ്ട് വർഷം വരെ മൊറട്ടോറിയം ലഭ്യമാകും.
- റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത ദാസ് ചില വ്യക്തികൾക്കും ചെറുകിട വായ്പക്കാർക്കും വാക്സിനേഷൻ നിർമ്മാതാക്കൾ, ആശുപത്രികൾ, കോവിഡുമായി ബന്ധപ്പെട്ട ആരോഗ്യ ഇൻഫ്രാസ്ട്രക്ചർ എന്നിവയ്ക്ക് മുൻഗണനാ വായ്പ നൽകാൻ ബാങ്കുകളെ അനുവദിക്കുകയും ചെയ്തു.
- ഓക്സിജൻ പ്ലാന്റിന് രണ്ടുകോടി ആരോഗ്യ മേഖലയ്ക്കായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ച എമർജൻസി ക്രെഡിറ്റ് ലൈൻ ഗാരൻറി സ്കീമിൽ (ഇ.സി.എൽ.ജി.എസ്.) ഉൾപ്പെടുത്തി ആശുപത്രികൾക്കും നഴ്സിങ് ഹോമുകൾക്കും ഓക്സിജൻ പ്ലാൻറും വൈദ്യുതി ബാക്കപ്പ് സംവിധാനവും ഒരുക്കുന്നതിന് രണ്ടു കോടി രൂപവരെ അടിയന്തര ബിസിനസ് വായ്പയായി അനുവദിക്കും. 7.5 ശതമാനം നിരക്കിലുള്ള ഈ വായ്പ അഞ്ചുവർഷം കൊണ്ട് തരിച്ചടച്ചാൽ മതിയാകും.

## ഐ.ഡി.ബി.ഐ. ബാങ്കിന്റെ

**സർക്കാർ ഉടമസ്ഥതയിലുള്ള ഓഹരികൾ വിറ്റഴിക്കാൻ കേന്ദ്ര മന്ത്രിസഭായോഗത്തിന്റെ അനുമതി.**



## വിനിമയത്തിലുള്ള കറൻസികളുടെ മൂല്യത്തിൽ വൻ വർദ്ധന

2016 നവംബറിൽ 500, 1000 രൂപ നോട്ടുകൾ അസാധുവാക്കിയപ്പോൾ 17.97 ലക്ഷം കോടി രൂപയുടെ കറൻസികളായിരുന്നു വിനിമയത്തിലുണ്ടായിരുന്നത്.




ഡിജിറ്റൽ ഇടപാടുകളുടെ എണ്ണത്തിലും മൂല്യത്തിലും കാര്യമായ പുരോഗതിയുണ്ടെങ്കിലും അതിനെയും കടത്തി വെട്ടി വിനിമയത്തിലുള്ള കറൻസികളുടെ മൂല്യം കൂത്തനെ ഉയരുകയാണ്. ഏപ്രിൽ 23 വരെയുള്ള കണക്കുകൾ പ്രകാരം 29.07 ലക്ഷം കോടി രൂപയുടെ കറൻസിക ളാണ് രാജ്യത്ത് വിനിമയത്തിലുള്ളത്.

# കേന്ദ്രസർക്കാരിന് 99,122 കോടി രൂപ ലാഭവീതം കൈമാറാൻ റിസർവ് ബാങ്ക്

കേന്ദ്രസർക്കാരിന് കഴിഞ്ഞ കണക്കെടുപ്പു വർഷത്തിലെ നീക്കിയിരിപ്പിൽനിന്ന് ലാഭവീതമായി 99,122 കോടി രൂപ ലാഭവീതം കൈമാറാൻ റിസർവ് ബാങ്കിൻെറ സെൻട്രൽ ബോർഡ് യോഗത്തിൽ തീരുമാനമായി. 2020 ജൂലായ് മുതൽ 2021 മാർച്ച് വരെയുള്ള ഒമ്പതു മാസക്കാലത്തെ നീക്കിയി രിപ്പിൽനിന്നാണ് കേന്ദ്ര സർക്കാരിന് ലാഭവീതം നൽകുന്നത് റിസർവ് ബാങ്കിൻെറ വാർഷിക റിപ്പോർട്ടിനും സെൻട്രൽ ബോർഡ് അംഗീകാരം നൽകി. 2019 - 20 കണക്കെടുപ്പു വർഷത്തിൽ 67,128 കോടി രൂപയായിരുന്നു ആർ.ബി.ഐ. സർക്കാരിന് നൽകിയത്.

## കണക്കെടുപ്പുവർഷം മാറുന്നു

ജൂൺ മുതൽ - ജൂലായ് വരെ 12 മാസമാണ് റിസർവ് ബാങ്കിന്റെ സാമ്പത്തിക വർഷം കണക്കെടുപ്പുവർഷമായി കണക്കാക്കിയിരുന്നത്. 2021-22 സാമ്പത്തിക കണക്കെടുപ്പു വർഷം ഏപ്രിൽ - മാർച്ച് കാലയളവിലേക്കു മാറുകയാണ്. ഈ നയം മാറ്റം റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത ദാസ് പ്രഖ്യാപിച്ചു.



റിസർവ് ബാങ്ക് ഗവർണർ ശക്തികാന്തദാസ്

# കാലിക്കറ്റ് സിറ്റി സഹകരണ ബാങ്ക് ബാങ്കിംഗ് ലൈസൻസിന് അപേക്ഷ സമർപ്പിച്ചു

" കാലിക്കറ്റ് സിറ്റി സഹകരണ ബാങ്ക്" കേരളത്തിൽ നിന്ന് ബാങ്കിംഗ് ലൈസൻസിനായി ആർ.ബി.ഐ.യ്ക്ക് അപേക്ഷ സമർപ്പിച്ചു. സ്മാൾ ഫിനാൻസ് ബാങ്ക് തുടങ്ങുന്നതിനാണ് അപേക്ഷ. റിസർവ് ബാങ്ക് അംഗീകരിച്ചാൽ കേരളത്തിൽ നിന്നുള്ള 2-ാമത്തെ ബാങ്കാകും അത്.

# എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻ

## കോട്ടയം ജില്ലാ ഭരണ സമിതി യോഗം

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ് എക്സിക്യൂട്ടീവ് കമ്മറ്റി യോഗം 2021 മേയ് മാസം 28-ാം തിയതി വെള്ളിയാഴ്ച്ച രാവിലെ 11 മണിക്ക് ഓൺലൈനിൽ ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ നടത്തി. വൈസ് പ്രസിഡന്റ്, ഡി.ജി.എസ്, എ.ജി.എസ്. എന്നിവരുൾപ്പടെ 21 അംഗങ്ങൾ പങ്കെടുത്തു. ജില്ലാ പ്രസിഡന്റ് ശ്രീ. എം.ജി.രാഘവൻ, അദ്ധ്യക്ഷത വഹിച്ചു.



ജില്ലാ പ്രസിഡന്റ് ശ്രീ. എം.ജി.രാഘവൻ



**കോട്ടയം ജില്ലാ ഘടകത്തിന്റെ എക്സിക്യൂട്ടിവ് കമ്മറ്റി യുടെ യോഗം മേയ് 28-ാം തിയതി വെള്ളിയാഴ്ച രാവിലെ ഓൺലൈൻ പ്ലാറ്റ്ഫോമിൽ നടത്തിയപ്പോൾ**

ഈശ്വര പ്രാർത്ഥനയ്ക്ക് ശേഷം ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും നമ്മെ വിട്ടുപിരിഞ്ഞ അംഗങ്ങ ളുടെ നിര്യാണത്തിൽ യോഗം അനുശോചിച്ചു. അനന്തരം പരേതാത്മാക്കളുടെ ആത്മശാന്തിക്കായി പ്രർഥനയോടെ ഒരു മിനിട്ട് മൌനം ആചരിച്ചു. ജില്ല സെക്രട്ടറി ശ്രീ പി എം ജേക്കബ് എല്ലാവർക്കും സ്വാഗതം ആശംസിച്ചു .

സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ.ബി.സി.ഉണ്ണികൃഷ്ണ ൻ നായർ യോഗത്തിൽ പങ്കെടുത്ത് കോവിഡ് കാല പ്രവർത്തനങ്ങളെ വിലയിരുത്തി സംസാരിച്ചു.



**ശ്രീ.ബി.സി.ഉണ്ണികൃഷ്ണൻ നായർ, സംസ്ഥാന വൈസ് പ്രസിഡന്റ്**

കോവിഡ് കാലത്ത് ലഭ്യമായ എല്ലാ സുരക്ഷാമാർഗ്ഗ ങ്ങളുമുപയോഗിച്ച് സുരക്ഷിതരായിരിക്കുവാൻ അദ്ദേ ഹം അംഗങ്ങളെ ഓർമ്മിപ്പിച്ചു. വർദ്ധിച്ചു വരുന്ന മരണ സംഖ്യയും അടുപ്പമുള്ളവരുടെ വേർപാടും ആശങ്ക സൃഷ്ടിക്കുന്നതായി അദ്ദേഹം പറഞ്ഞു.

കഴിഞ്ഞ യോഗത്തിന്റെ മിനിട്ട്സ്/റിപ്പോർട്ട് ശ്രീ.പി.എം. ജേക്കബ്ബ്, ജില്ലാ സെക്രട്ടറി, യോഗ സമക്ഷം അവതരി പ്പിച്ച് ചർച്ച നടത്തി യോഗം നിർദ്ദേശിച്ച ഭേദഗതികളോ ടെ അംഗീകരിച്ചു.



**ശ്രീ.പി. എം. ജേക്കബ്ബ്, ജില്ലാ സെക്രട്ടറി,**

തുടർന്ന്, 2021 മാർച്ച് 31 വരെയുള്ള വാർഷിക കണക്കു കളും2021മേയ്വരെയുള്ളമാസാന്ത്യകണക്കുകളും ശ്രീ.തോമസ് ഫിലിപ്പ്, ജില്ലാ ട്രഷറാർ യോഗസമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു.



**ശ്രീ.തോമസ് ഫിലിപ്പ്, ജില്ലാ ട്രഷറാർ**

ഡി.ജി.എസ് മാത്യു അടയ്ക്കമുണ്ടയ്ക്കൽ, റിട്ടയർ ചെയ്യുന്നവരെ അംഗങ്ങളാക്കുന്നതിനുള്ള കർമ്മ പദ്ധതി, എസ്.ബി.ഐ.കോട്ടയം അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്സിലെ ഡിസ്പെൻസറി, റിട്ടയർ ചെയ്യുന്നവർക്കാ യി വാട്ട്സാപ്പ് ഗ്രൂപ്പ്, ഓൺലൈൻ സംഗമം, മെഡിക്കൽ ഇൻഷുറൻസ് പുതുക്കൽ, തുടങ്ങി വിവിധ വിഷയങ്ങ ൾ അവലോകനം ചെയ്ത് സംസാരിച്ചു..



**കോട്ടയം യൂണിറ്റ് എക്സിക്യൂട്ടിവ് കമ്മറ്റിയുടെ ഓൺ ലൈൻ യോഗത്തിൽ പങ്കെടുത്ത് സംസാരിക്കുന്ന ഡെപ്യൂട്ടി ജനറൽ സെക്രട്ടറി മാത്യു അടക്കാമുണ്ട യ്ക്കൽ**

തുടർന്ന് യോഗത്തിൽ പങ്കെടുത്ത് എ. ജി. എസ്., ശ്രീ. പി. എസ്. രാജമോഹനൻ നായർ, കൊവിഡ്-19 കാലത്തെ അസ്സോസിയേഷൻ പ്രവർത്തനങ്ങൾ, റിട്ടയർ ചെയ്യുന്നവരെ അംഗങ്ങളാക്കുന്നതിനുള്ള

കർമ്മ പദ്ധതി, എന്നിവ പരാമർശിച്ചു സംസാരിച്ചു. സ്റ്റേറ്റ് കമ്മിറ്റി മെമ്പർ റെയിസ ബീഗം , വൈക്കം ഏരിയ കൺവീനർ പി .പി. ഫിലിപ്പ്, വൈസ് പ്രസിഡന്റ് ശ്രീ.കെ. എൻ.വിശ്വനാഥൻ നായർ എന്നിവർ കോവിഡ് കാല പ്രവർത്തനങ്ങളെ വിലയിരുത്തി സംസാരിച്ചു.



ശ്രീ കെ.എൻ.വിശ്വനാഥൻ നായർ
വൈസ് പ്രസിഡന്റ്

വൈസ് പ്രസിഡന്റ് ശ്രീ കെ.എൻ.വിശ്വനാഥൻ നായർ നന്ദി പ്രകാശിപ്പിച്ചു. യോഗം ഉച്ചയ്ക്ക് 1 മണിയോടെ അവസാനിച്ചു.

## എസ്.ബി.ഐ.കോട്ടയം അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്സിലെ ഡിസ്പെൻസറി യിൽ പുതിയ ഡോക്ടർ ചാർജ് എടുത്തു

ഡോ. വിനോദ് മാണി എസ്.ബി.ഐ. കോട്ടയം അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്സിലെ ഡിസ്പെൻസറിയിൽ ചാർജ് എടുത്തു . അദ്ദേഹത്തെ സ്വാഗതം ചെയ്യുന്നോടൊപ്പം വേണ്ട സഹകരണവും നമ്മുടെ ഭാഗത്തു നിന്ന് ഉണ്ടാവണം എന്ന് അഭ്യർത്ഥിക്കുന്നു താഴെ പറയുന്ന ക്രമീകരണങ്ങൾ ശ്രദ്ധിക്കുക

1) കോവിഡ് ലോക് ഡൗൺ സാഹചര്യത്തിൽ സമയം ക്രമം താഴെ കൊടുക്കുന്നു
*എല്ലാദിവസവും രാവിലെ 11 മണി മുതൽ 1 മണി വരെ മാത്രം *
2) അത്യാവിശ്യമെങ്കിൽ മാത്രം സന്ദർശനം നടത്തുക മരുന്ന് ഓർഡർ ചെയ്തു വരാനുള്ള കാലതാമസം ഉണ്ടാകും
3) ഡിസ്പെൻസറയിൽ നിന്ന് സ്ഥിരമായി വാങ്ങിക്കുന്ന മരുന്നുകൾ പുറത്തു നിന്ന് വാങ്ങിച്ചു reimbursement വാങ്ങാനുള്ള സൗകര്യം 30-06-2021 വരെ നീട്ടിയിട്ടുണ്ട് അത് പരമാവധി പ്രയോജനപ്പെടുത്തുക
4) ഡിസ്പെൻസറിയിൽ സന്ദർശനം നടത്തുമ്പോൾ പെൻഷൻ ഐഡി അല്ലെങ്കിൽ ഏതെങ്കിലും പ്രൂഫും ചികിത്സയ്ക്കുന്ന ഡോക്ടറുടെ പ്രെസ്ക്രിപ്ഷനും കരുതിയാൽ പുതിയ ഡോക്ടറിന് സഹായകമാകും. മൊബൈൽ നമ്പർ കൊടുക്കാൻ മറക്കരുത്

## ചെറിയ പെരുന്നാൾ, നോമ്പു പെരുന്നാൾ




## കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215ന്റെ ഭരണ സമിതി യോഗം

കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215ന്റെ 2021 മേയ് മാസത്തിലെ ഭരണ സമിതി യോഗം 14 – ാം തീയതി വെള്ളിയാഴ്ച്ച പ്രസിഡന്റ് ശ്രീ എം.ജി. രാഘവന്റെ അദ്ധ്യക്ഷതയിൽ ഓൺലൈനായി നടത്തി. കോവിഡ് 19ന്റെ നിയന്ത്രണങ്ങൾ മൂലം അത്യാവശ്യ തീരുമാനങ്ങളും ജി.ഡി.സി.എസ്. നറുക്കെടുപ്പും നടത്തി പിരിഞ്ഞു.

അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. കെ.എൻ. വിശ്വനാഥൻ നായർ സ്വാഗതം ആശംസിച്ചു.

കഴിഞ്ഞ മാസത്തിലെ ഭരണ സമിതി യോഗത്തിന് ശേഷമുള്ള പ്രവർത്തനങ്ങളുടെ അവലോകനം സെക്രട്ടറി ശ്രീ. മാത്യു അടയ്ക്കമുണ്ടയ്ക്കൽ യോഗത്തിൽ അവതരിപ്പിച്ചു.



സെക്രട്ടറി ശ്രീ. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ

അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. കെ.എൻ. വിശ്വനാഥൻ നായർ ഓൺലൈനിൽ പങ്കെടുത്ത് സംസാരിച്ചു. മാർച്ച് അവസാന കണക്കുകൾ വിശദമായി തയാറാക്കി അടുത്ത ഭരണസമിതി യോഗത്തിൽ സമർപ്പിക്കുന്നതിന് യോഗം അനുമതി നല്കി.

## സൊസൈറ്റി ജി.ഡി.സി.എസ് കുറികൾ നറുക്കെടുപ്പ്

സൊസൈറ്റിയുടെ ജി.ഡി.സി.എസ് കുറികളുടെ 2021 മേയ് മാസത്തിലെ നറുക്കെടുപ്പ് 14-ാം തീയതി വെള്ളിയാഴ്ച നടന്നു. ജി.ഡി.സി.എസ്. നറുക്കെടുപ്പിൽ വിജയികളായവരുടെ പേരു വിവരം ഓഫീസ് സെക്രട്ടറി ശ്രീമതി. ത്രേസ്സ്യാമ്മ ആന്റണി യോഗത്തെ അറിയിച്ചു. നറുക്കെടുപ്പിൽ താഴെപ്പറയുന്നവർ ജേതാക്കളായി.

1. (6). 100,000 രൂപായുടെ കുറി – (138) ശ്രീമതി. പ്രേമലത. റ്റി.എസ്
2. (7). 100,000 രൂപായുടെ കുറി - (167) ശ്രീമതി. റൈസാ ബീഗം
3. (8). 100,000 രൂപായുടെ കുറി – (187) ശ്രീമതി. കൊച്ചുറാണി മാത്യു
4. (9). 25000 രൂപായുടെ കുറി – (210) ശ്രീ. ഉണ്ണിക്കുഞ്ഞ്. പി.
5. (10). 100,000 രൂപായുടെ കുറി – ശ്രീ.അലക്സ് തയ്യിൽ

നറുക്ക് ലഭിച്ചവർക്ക് 2021 ജൂൺ മാസം 11-ാം തിയതി ജി.ഡി.സി.എസ് തുക കൊടുക്കുന്നതിന് തീരുമാനിച്ചു. അതിനായുള്ള ഫോറങ്ങൾ പൂരിപ്പിച്ച് ഓഫീസിൽ 11-ാം തിയതിക്ക് മുൻപായി എത്തിച്ച് തരണമെന്ന് സെക്രട്ടറി അറിയിക്കുന്നു. ക്ലെയിം ചെയ്യുന്നതിനുള്ള അപേക്ഷാ ഫാറം ഓഫീസിൽ നിന്നു അയച്ചു തരുന്നതായിരിക്കും . അത് പൂരിപ്പിച്ച് ഒപ്പിട്ട് തിരിച്ചയച്ചു തരുക. കഴിവതും യാത്ര ഒഴിവാക്കിയും ഓഫീസിൽ സന്ദർശനം നടത്താതെയും സുരക്ഷിതരായിരിക്കുവാൻ ശ്രദ്ധിക്കുമല്ലൊ. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സെക്രട്ടറി ശ്രീമതി. ത്രേസ്യാമ്മ ആന്റണിയെ വിളിക്കുക.



ഓഫീസ് സെക്രട്ടറി ശ്രീമതി. ത്രേസ്യാമ്മ ആന്റണി
**9446322416**

## 11-ാമത്തെ 100,000 രൂപയുടെ ജി.ഡി.സി.എസ് കുറി ആരംഭിക്കുന്നു

100000 രൂപ സല വരുന്ന 25 മാസം കൊണ്ട് തീരുന്ന പുതിയ ജി.ഡി.സി.എസ് കുറി ആരംഭിക്കുന്നു. കുറച്ച് പേർക്ക് കൂടി ചേരുവാൻ അവസരമുണ്ട്. കൊവിഡ് മഹാമാരിയോടനുബന്ധിച്ച് വന്ന സർക്കാർ നിയന്ത്രണങ്ങൾ മൂലം പുതിയ അംഗങ്ങളെ ചേർത്ത് ഈ ജി.ഡി.സി.എസ് .ഇനിയും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. അതിനാൽ ജി.ഡി.സി. എസിൽ ചേരാൻ സ്വയം മുന്നോട്ട് വന്ന് ഓഫീസ് സെക്രട്ടറിയുമായി ബന്ധപ്പെട്ട് അപേക്ഷയും സ്റ്റാന്റിങ്ങ് ഇൻസ്ട്രക്ഷനും തന്ന് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

# റിട്ടയർ ചെയ്യുന്നവർക്കായി വാട്ട്സാപ്പ് ഗ്രൂപ്പ്

ബാങ്കിലെ ഔദ്യോഗിക പദവിയിൽ നിന്നും വിരമിക്കുന്നവർ കാലേകൂട്ടി വേണ്ട തയാറെടുപ്പുകൾ ചെയ്യണമല്ലോ !

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസിയേഷൻ, കേരള ഭാരവാഹികൾ മുൻകൈയെടുത്തു കഴിഞ്ഞ ഒരു വർഷ കാലമായി എസ് ബി ഐ യിൽനിന്നും വിരമിക്കുന്നവരെ "United We Move " എന്ന ഒരു വാട്ട്സാപ്പ് ഗ്രൂപ്പിൽ ചേർത്ത് അവരുമായി ആശയവിനമയം നടത്തി വരുകയായിരുന്നു . ഇപ്പൊഴത്തെ സാഹചര്യത്തിൽ എല്ലാവരെയും ഒരുമിച്ച് കൂട്ടി റിട്ടയർമെന്റിനുള്ള തയാറെടുപ്പിനു വേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകാൻ സാധിക്കത്തില്ലല്ലൊ !!. സാധരണ നടത്താറുള്ള പ്രീ റിട്ടയർമെന്റ് കൗൺസിലിംഗ് സെഷൻസ് ഇപ്പോൾ ബാങ്ക് നടത്താറില്ല . ഈ പശ്ചാത്തലത്തിലാണ് നമ്മുടെ ബാങ്കിൽ നിന്ന് വിരമിക്കുന്നവരെ ഓൺലൈൻ പ്ലാറ്റഫോമിൽ കോർത്തിണക്കിയിട്ടുള്ളത് ഈ സംരംഭത്തിന് വലിയ സ്വീകാര്യതയാണ് ലഭിച്ചിരിക്കു

ന്നത് . അതുകൊണ്ട് മെയ് , ജൂൺ മാസങ്ങളിൽ വിരമിക്കുന്നവരെ രണ്ട് വാട്ട്സാപ്പ് ഗ്രൂപ്പിൽ : ( UNITED WE STAND, UNITED WE MOVE ) ചേർത്തിരിക്കുകയാണ്. ബാങ്കിലെ മുതിർന്ന ഉദ്യോഗസ്ഥരുടെ പ്രോത്സാഹനവും സഹകരണവും ഈ പ്രോഗ്രാമിന് ലഭിക്കുന്നുണ്ട്. ഇതിന്റെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ് .

- എല്ലാവരെയും പരിചയപ്പെടുക
- *ഒരു റിട്ടയറി മുൻഗണന ക്രമത്തിൽ ചെയ്യേണ്ട കാര്യങ്ങൾ ഓർമ്മിപ്പിക്കുക
- പെൻഷൻ , കമ്മ്യൂട്ടേഷൻ , ഫാമിലി പെൻഷൻ മുതലായവയെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ പങ്ക് വെയ്ക്കുക
- ഒരു റിട്ടയറിക്കു ബാങ്ക് നൽകുന്ന ആനുകൂല്യങ്ങൾ വിവരിക്കുക
- മെഡിക്കൽ ബെനിഫിറ്റ് സ്കീമുകളും മെഡിക്കൽ ഇൻഷുറൻസ് ഇവയുടെ പ്രത്യേകതകൾ മനസിലാക്കുക HRMS, ലൈഫ് സർട്ടിഫിക്കേറ്റ് സമർപ്പണം , ഡിസ്പെൻസറിയും ലാബ് ടെസ്റ്റുകളും മറ്റ് ഇതര വിഷയങ്ങൾ വിശദികരിക്കുക
- സംശയങ്ങൾ ദുരീകരിക്കുക
- പൊതുവായി ബാധിക്കുന്ന *വിഷയങ്ങൾ ചർച്ച ചെയ്യുക

ഇതിന്റെ കോർഡിനേറ്റർസ് അസോസിയേഷന്റെ DGS മാരായ ശ്രീ മാത്യു അടയ്ക്കമുണ്ടയ്ക്കൽ, ശ്രീ ജോസഫ് പാലയ്ക്കൻ എന്നിവരാണ് , മറ്റ് നേതാക്കന്മാരും വേണ്ട ഇടപെടലുകൾ നടത്തുന്നു. UNITED WE STAND, UNITED WE MOVE


&


മാത്യു അടയ്ക്കാമുണ്ടയ്ക്കൽ ജോസഫ് പാലയ്ക്കൽ
പ്രോഗ്രാം കോർഡിനേറ്റേഴ്സ്

# കാസർഗോഡ് ജില്ലാ ഭരണ സമിതി യോഗം

എസ്ബിഐപെൻഷ്ഷ്റ്റ്സ് അസോസിയേഷൻകാസർഗോഡ് ജില്ലാ ഭരണ സമിതി യോഗം ജില്ല പ്രസിഡന്റ് ശ്രീ. കെ.എൽ. കുമാറിന്റെ **അദ്ധ്യക്ഷതയിൽ ഓൺലൈനായി 20.05.2021** ന് വൈകിട്ട് കൃത്യം 7 മണിക്കു നടന്നു.

എക്സിക്യൂട്ടിവ് അംഗം ശ്രീ. എം.ഗോപാലൻ എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുകയും രാവിലെ അന്തരിച്ച സംഘടനയുടെ തിരുവന്തപുരം DGS ശ്രീ സുരേന്ദ്രനാഥ് ബാസ് അതൊടൊപ്പം ഈ കോവിഡ് മഹാമാരിയിൽ നമ്മളിൽ നിന്ന് വിട്ട് പിരിഞ്ഞ സംഘടനയുടെ മറ്റ് അംഗങ്ങളുടെയും വിയോഗത്തിൽ അനശോചിച്ച് ഒരു മിനുട്ട് മൗനം ആചരിച്ചു. സംഘടനയുടെ കോഴിക്കോട് DGS ശ്രീ ജോസ് മർസിലിൽ യോഗം ഔപചാരികമായി ഉദ്ഘാടനം ചെയ്തു. തന്റെ ഉദ്ഘാടന പ്രസംഗത്തിൽ നിലവിലെ ഇൻഷൂറൻസ് പദ്ധതി അതൊടൊപ്പം Top up സ്ക്രീമിനെ കുറിച്ചും വിശദമായി സംസ്സാരിച്ചു. കോഴിക്കോട് A G S ശ്രീ സേതുമാധവൻ നായർ സംഘടനയുടെ ഇന്നത്തെ പ്രവർത്തനത്തെ പറ്റിയും . സംഘടനയിൽ പുതുതായി അംഗങ്ങളെ മെമ്പർഷിപ്പ് ചേർത്ത് സംഘടനയുടെ കരുത്ത് വർദ്ധിപ്പിക്കാൻ വേണ്ട ഇടപെടൽ നടത്താനും ആവശ്യപ്പെട്ടു.

ശ്രീ എം.കൃഷ്ണൻ ജില്ലാ ട്രഷറർ വാർഷിക കണക്കുകൾ, മാസ്സാന്ത്യ കണക്കുകൾ എന്നിവ യോഗസമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു.

ജില്ലാ സെക്രട്ടറി ശ്രീ എം.വിജയൻ **കഴിഞ്ഞ മാസത്തിലെ ഭരണ സമിതി യോഗത്തിന്റെ മിനിട്ട്സ്,** യോഗശേഷമുള്ള **പ്രവർത്തനങ്ങളുടെ അവലോകനം** എന്നിവ **യോഗത്തിൽ അവതരിപ്പിച്ചു.** ജില്ലയിലെ പ്രധാനപ്പെട്ട രണ്ട് കാര്യങ്ങൾ റിപ്പോർട്ട് ചെയ്തു. ഫാമിലി പെൻഷനർ ശ്രീമതി ഉമാവതി . സുഗന്ധി ബാബു എന്നിവരുടെ പെൻഷന് വന്ന കാലതാമസം. ജില്ലയിൽ അനുവദിക്കുന്നതിന് പരിഗണിക്കുന്ന ഡിസ്പെൻസറി. എന്നിവ. ഇവ എത്രയും പെട്ടെന്ന് സംസ്ഥാന നേതൃത്വം ഇടപെട്ട് നേടിയെടുക്കണമെന്ന് അഭ്യർത്ഥിച്ച് പ്രമേയം പാസ്സാക്കി.

യോഗത്തിൽ കെ.വി. കൃഷ്ണൻ.എം.കൃഷ്ണൻ. സുധാകരൻ. രുഗ്മിണി രാജേഷ് എന്നിവർ പങ്കെടുത്തു. ശ്രീ എം. കൃഷ്ണൻ ജില്ലാ ട്രഷറർ മിറ്റിംഗിൽ പങ്കെടുത്ത മുഴുവൻ അംഗങ്ങൾക്കും നന്ദി പറഞ്ഞു കൃത്യം 8.15. Pm ന് യോഗം അവസാനിച്ചു.



എം.വിജയൻ, സെക്രട്ടറി
എസ്ബിഐപെൻഷ്ഷ്റ്റ്സ് അസോസിയേഷൻ കാസർഗോഡ്




വിനോബാ ഭാവെ

# ശമ്പള പരിഷ്കരണവും സ്റ്റാഗ്നേഷൻ ഇൻക്രിമെന്റും

കെ.ജി.രവീന്ദ്രൻ



ബാങ്ക് ജീവനക്കാരുടെ 11–ാം ശമ്പള പരിഷ്ക്കരണ ഉഭയകക്ഷിക്കരാർ വന്നതിനുശേഷം സ്റ്റാഗ്നേഷൻ ഇൻക്രിമെന്റുകളെക്കുറിച്ച് വ്യാപകമായ സംശയങ്ങളും തെറ്റിദ്ധാരണകളും പ്രചരിക്കുന്നുണ്ട്. ഒട്ടേറെ സമരങ്ങൾക്കു ശേഷം ഏകദേശം മൂന്നുവർഷം കാലാവധി കൊണ്ടാണ് കരാർ ഒപ്പിടുന്നത്. ഇങ്ങനെ ഒപ്പിടുന്ന കരാർ നടപ്പിലാക്കുന്നതിനായി ബാങ്ക് കാലാകാലങ്ങളിലായി ഇറക്കുന്ന സർക്കുലറുകൾ ശമ്പളക്കുടിശിക കിട്ടിക്കഴിഞ്ഞാൽ അവഗണിക്കുകയാണ് പതിവ്. ശമ്പള സ്ലിപ്പുകൾ കൃത്യമായി ആരും പരിശോധിച്ച് നോക്കാറില്ല. സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ്, FPP, PQP, HRA എന്നിവയിൽ ഉണ്ടാകുന്ന ചെറിയ പിശകുകൾ ശ്രദ്ധിക്കപ്പെടാതെ പോവുകയാണ്. എന്നാൽ ഇത്തവണത്തെ ശമ്പള പരിഷ്ക്കരണത്തിൽ 01.1.1 2017 മുതൽ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റിന്റെ കാര്യത്തിൽ സമഗ്രമായ മാറ്റമാണ് വരുന്നത്. വളരെ ശ്രദ്ധയോടെ ഇത് മനസ്സിലാക്കി അവകാശമായി ആവശ്യപ്പെട്ടില്ലെങ്കിൽ വലിയ നഷ്ടം സംഭവിക്കും. സ്റ്റാഗ്നേഷൻ ഇൻക്രിമെന്റിനെ സംബന്ധിച്ച് ഓരോ കേഡറിലും വന്ന മാറ്റങ്ങൾ വേർതിരിച്ച് ചുവടെ ചേർക്കുന്നു.

- സബോർഡിനേറ്റ് ജീവനക്കാർ

കഴിഞ്ഞ മൂന്ന് ശമ്പള പരിഷ്ക്കരണത്തിലും ഓരോ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് പുതിയതായി അനുവദിച്ചിട്ടുണ്ട്.

അതായത് 7–ാമത്തെയും, 8–ാമത്തെയും 9–ാമത്തെയും സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് കാലാവധി ഒരു വർഷം തന്നെയായതിനാൽ പ്രത്യേകിച്ച് മാറ്റങ്ങളില്ല.

Clerical Staff E Circular Sl. No. : 178/2010-11 Circular No.:CDO/P&HRD-IR/16/2010-11 dated 23-06-2010 പ്രകാരം 01.11.2007 മുതൽ 7–ാമത്തെ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് അനുവദിക്കുന്നു. എന്നാൽ മറ്റ് സ്റ്റാഗ്നേഷൻ ഇൻക്രിമെന്റുകൾ മൂന്ന് വർഷത്തിലൊരിക്കലാണെങ്കിൽ 7 –ാ മത്തെ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് 6–ാമത്തെ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് കഴിഞ്ഞ് 2 വർഷം കഴിയുമ്പോൾ അല്ലെങ്കിൽ 01-11-2007 മുതൽ (whichever is later) അനുവദിക്കും.

E Circular Sl. No. : 369/2015-16 Circular No. : CDO/P&HRD-IR/25/2015-16 dated 26-06-2015 ഈ സർക്കുലർ പ്രകാരം 01-11-2012 മുതൽ 8–ാമത്തെ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് അനുവദിച്ചു. എന്നാലിത് 01.05.2015 മുതൽ മാത്രമേ നൽകുകയുള്ളു എന്ന ഒരു നിബന്ധന ഉണ്ട്. ഇതുമാത്രമല്ല, 6–ാമത്തെ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റിന്റെ കാലയളവ് 3 വർഷത്തിൽ നിന്നും 2 വർഷം ആയി ചുരുക്കി. ഇതിന്റെ ഗുണഫലം 5–ാമത്തെ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് മേടിച്ച് 2 വർഷം കഴിഞ്ഞ വർക്കും എന്നാൽ 01.11.2012 മുതലും ആയിരിക്കും.

അതായത് **ക്ലാർക്കിന്റെ കേഡറിൽ** 20–ാമത്തെ സ്റ്റേജ് കഴിഞ്ഞ് 17 വർഷം കഴിഞ്ഞാൽ 6–ാമതും 19 വർഷം കഴിഞ്ഞാൽ 7–ാമതും 21 വർഷം കഴിഞ്ഞാൽ 8–ാമതും സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് ലഭിക്കും.

E Circular Sl. No. : 1156/2020-21 Circular No. : CDO/P&HRD-IR/66/2020-21 dated 21-12-2020

ഈ സർക്കുലർ പ്രകാരം 01.11.2017 മുതൽ സമഗ്രമായ മാറ്റങ്ങൾ ഉണ്ടായതിനാൽ വളരെ ശ്രദ്ധാപൂർവ്വം ഇത് മനസ്സിലാക്കേണ്ടതുണ്ട്. 9–ാമത്തെ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് അനുവദിച്ചു എന്നു മാത്രമല്ല 5–ാമത്തെ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് വരെ 3 വർഷം കഴിയണം എന്ന നിബന്ധന 2 വർഷമായി ചുരുക്കി. അതായത് 20–ാമത്തെ സ്റ്റേജ് കഴിഞ്ഞയാൾക്ക് 18 വർഷം കഴിഞ്ഞാൽ 9–ാമത്തെ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് ലഭിക്കും എന്നത് തന്നെ. ഇങ്ങനെ കാലയളവ് രണ്ട് വർഷമായി ചുരുങ്ങുമ്പോൾ പുനഃക്രമീകരണം ചെയ്ത് Notionally Higher സ്റ്റേജിലുള്ള സ്റ്റാഗ്നേഷൻ ഇൻക്രിമെന്റിന്റെ ആനുകൂല്യങ്ങൾ 1-11-2020 മുതൽ മാത്രമെ അനുവദിക്കുകയുള്ളു എന്നാണ് നിബന്ധന. എന്നാൽ 1.11.2017നും 31.10.2020നും ഇടയ്ക്ക് വിരമിക്കുന്നവർക്ക് നല്കുന്ന അവസാനത്തെ സഹായധനം (terminal benefits) ഈ മനഃകല്പിതമായ (Notional) സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് പരിഗണിച്ച് നൽകണമെന്ന് പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ കാലയളവിൽ വിരമിച്ചവർ പെൻഷൻ രേഖകളും ശമ്പളക്കുടിശിക കണക്കുകൂട്ടൽ താള് കൃത്യമായി പരിശോധിച്ച് ശരിയെന്ന് ഉറപ്പ് വരുത്തുക. ഉദാഹരണത്തിന് 2000 സെപ്റ്റം ബറിൽ 20മത്തെ സ്റ്റേജിൽ എത്തിയ ഒരു ക്ലറിക്കൽ സ്റ്റാഫിന് നിലവിലെ രീതിയനുസരിച്ച് 2015 സെപ്റ്റംബറിൽ 5മത്തെ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റും 2017 സെപ്റ്റംബറിൽ 6–ാമത്തെ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റും ലഭിക്കും. 2019 ഓഗസ്റ്റിൽ ഇവർ റിട്ടയർ ചെയ്യുകയാണെങ്കിൽ നിലവിലെ രീതിയനുസരിച്ച് 6–ാമത്തെ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് വച്ചായിരിക്കും പെൻഷനും മറ്റാനുകൂല്യങ്ങളും. എന്നാൽ പുതുക്കിയ പതിനൊന്നാം കരാർ പ്രകാരം ഇവർക്ക് 2018 സെപ്റ്റംബറിൽ 9–ാമത്തെ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് നിയമാനുസാരമായി ലഭിക്കേണ്ടതാണ്. അതുകൊണ്ട് 9–ാമത്തെ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് പ്രകാരം അവസാനത്തെ സഹായധനം ലഭിക്കേണ്ട താണ്. അതല്ല ഇപ്പോഴും സർവ്വീസിൽ തുടരുന്ന ആളാണെങ്കിൽ 1.11.2020 ൽ മാത്രമേ 9–ാമത്തെ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് പ്രാബല്യത്തിൽ വരികയുള്ളൂ. ഇങ്ങനെ രണ്ട്. വർഷത്തിലൊരിക്കൽ

സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് പുനഃക്രമീകരണം ചെയ്യുന്നതിന് 20–ാമത്തെ സ്റ്റേജ് കൃത്യമായി അറിഞ്ഞിരിക്കണം. ഒരു ക്ലറിക്കൽ സ്റ്റാഫിന്റെ ജോലിയിൽ പ്രവേശിച്ച തിയതി,വിദ്യാഭ്യാസ യോഗ്യത, ജെ.എ.ഐ.ഐ.ബി, സി.എ.ഐ.ഐ.ബി യോഗ്യതകളുടെ സ്ഥിതി എന്നിവ അറിഞ്ഞാൽ 20–ാമത്തെ സ്റ്റേജ് കണ്ടുപിടിക്കാവുന്നതാണ്.

**Staff Supervising E Circular Sl. No. : 368/2015-16 Circular No. : CDO/P&HRD-IR/24/2015-16 dated 26-06-2015**

ഈ സർക്കുലർ പ്രകാരം **Officers Cadre**ൽ **MMGS- II** സ്കെയിലുകാർക്ക് 3 വർഷം കൂടുമ്പോൾ 3 സ്റ്റാഗ്നേഷൻ ഇൻക്രിമെന്റും തുടർന്ന് 2 വർഷം കഴിയുമ്പോൾ 4–ാമത്തെ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് ഉം തുടർന്ന് 2 വർഷം കഴിയുമ്പോൾ 5–ാമത്തെ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റും അനുവദിച്ചു. **MMGS- III** സ്കെയിൽകാർക്ക് 3 വർഷം കൂടുമ്പോൾ 4 സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് ഉം തുടർന്ന് 2 വർഷം കഴിയുമ്പോൾ 5–ാമത്തെ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റും അനുവദിച്ചിട്ടുണ്ട്. സ്കെയിൽ **IV**-കാർക്ക് പരമാവധി എത്തി 3 വർഷം കഴിയുമ്പോൾ പുതിയതായി ഒരു സ്റ്റാഗ്നേഷൻ ഇൻക്രിമെന്റും അനുവദിച്ചു. എന്നാൽ പുതിയതായി അനുവദിച്ച **MMGS- II** ന്റെ 4–ാമത്തെതും സ്കെയിൽ **III** കാരുടെ 5–ാമത്തെയും സ്കെയിൽ **IV**കാരുടെ ഒന്നാമത്തെ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് 01.05.2015ൽ മാത്രമേ പ്രാബല്യത്തിൽ വരികയുള്ളൂ എന്നാണ് നിബന്ധന. എന്നാൽ ഇക്കാര്യത്തിൽ ഒരു ക്രമക്കേട് ഉണ്ടായി. **MMGS-II**ക്കാർക്ക് 11–ാം വർഷം 4–ാമത്തെ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് ലഭിക്കുമ്പോൾ പ്രൊമോഷൻ മേടിച്ച **MMGS-III**ക്കാർക്ക് 4–ാമത്തെ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് 12–ാം വർഷവും 5–ാമത്തെ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് 14–ാംവർഷവുമേ ലഭിക്കുകയുള്ളൂ. ഇത് പരിഹരിക്കുന്നതിനായി പുതിയതായി ഒരു സർക്കുലർ വന്നു.

**E Circular Sl. No. :410/2016-17 Circular No. : CDO/P&HRD-IR/37/2016-17 dated 24-06-2016** പ്രകാരം **MMGS-III** യുടെ 4–ാമത്തെ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് 11–ാമത്തെ വർഷവും 5–ാമത്തേത 13–ാമത്തെ വർഷവും ലഭിക്കും. ഈ മാറ്റം 01052015 മുതൽ മാത്രമേ പ്രാബല്യത്തിലുള്ളൂ. ഇത് പലരുടേയും ശ്രദ്ധയിൽ പെടാനിടയില്ല. സീനിയർ **MMGS-III**ക്കാർ വിശദമായി ശമ്പള ഘടന പരിശോധിക്കുക. ഇങ്ങനെ 10–ാം ശമ്പള പരിഷ്ക്കരണത്തിൽ അനുവദിച്ച ക്ലറിക്കൽ സ്റ്റാഫിന്റെയും സൂപർവൈസിംഗ് സ്റ്റാഫിന്റെയും സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് **01.-05.--2015** മുതൽ മാത്രമേ നൽകുകയുള്ളൂ എന്ന നിയമം കാരണം **01-11-2012**നും **30-04-2015**-നും ഇടയിൽ റിട്ടയർ ചെയ്തവർക്ക് ആയതിന്റെ ആനുകൂല്യം ലഭിക്കാതെ പോയി. ബാങ്ക് മുഖാന്തിരവും കോടതി മുഖാന്തിരവും ജീവനക്കാരും സംഘടനകളും നടത്തിയ ശ്രമഫലമായി ഈ കാലഘട്ടത്തിൽ റിട്ടയർ ചെയ്തവർക്ക് **Notional** സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് പരിഗണിച്ച് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് **IBA** സർക്കുലർ ഇറക്കിയിട്ടു ്. **(HR&IR/GMB/2020-21/9578 dated 29-01-2021) E Circular Sl. No. : 1158/2020-21 Circular No. : CDO/P&HRD-IR/67/2020-21 dated 21-12-2020 11**–ാം **Wage Revision**-ൽ സ്കെയിൽ 1 മുതൽ സ്കെയിൽ **V** വരെ കൂടുതലായി ചേർത്ത ഒരു സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് അനുവദിച്ചിട്ടുണ്ട്. എന്നുമാത്രമല്ല **Frequency** 2 വർഷമായി പുനർനിർണ്ണയിക്കുകയും ചെയ്തു. സ്കെയിൽ **V**കാർക്ക് ഇത് 01112020 മുതൽ മാത്രമേ പ്രാബല്യത്തിൽ വരികയുള്ളൂ. എന്നാൽ സ്കെയിൽ 1 മുതൽ **IV** വരെ പരമാവധി കഴിഞ്ഞിട്ടു 2 വർഷം കഴിയുമ്പോൾ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് **Re-Adjust** ചെയ്യുന്നതാണ്. എന്നാലിതിന്റെ **Monetary Benefits 01-11-2020** മുതൽ മാത്രമേ നൽകുകയുള്ളൂ എന്നാണ് വ്യവസ്ഥ. എന്നാൽ **01-11-2017** മുതൽ **31-10-2020** വരെയുള്ള കാലത്ത് റിട്ടയർ ചെയ്തവർക്ക് ഇങ്ങനെയുള്ള **Notional** ഇൻക്രിമെന്റ് പ്രകാരം **Terminal Benefits** നൽകുവാൻ പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്. ഓഫീസർ സ്കെയിൽ പഴയ പരമാവധി പേ സ്കെയിൽ അറിഞ്ഞെങ്കിൽ മാത്രമേ പുതിയ അർഹതപ്പെട്ട സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് കൃത്യമായി കണ്ടുപിടിക്കുവാൻ സാധിക്കുകയുള്ളൂ. അതിലേയ്ക്കായി സ്കെയിൽ **I** മുതൽ സ്കെയിൽ **V** വരെയുള്ളവരുടെ പരമാവധി സ്റ്റേജ് എത്രയെന്ന് ടേബിൾ നോക്കി മനസ്സിലാക്കുക.

| | 01-11-02 | 01-11-07 | 01-11-12 | 01-11-17 |
|---|---|---|---|---|
| JMGS-I | 19920 | 28100 | 45950 | 69810 |
| MMGS-II | 22280 | 31500 | 51490 | 78230 |
| MMGS-III | 22280 | 31500 | 51490 | 78230 |
| Scale-IV | 24140 | 36200 | 59170 | 89890 |
| Scale-V | 26620 | 40400 | 66070 | 100350 |

അതാത് ഓഫീസർ സ്കെയിലുകളുടെ പരമാവധി എത്രയെന്നു മുകളിൽ കാണിച്ചിരിക്കുന്നത് പരിശോധിക്കുക. എന്നാണോ അങ്ങനെ പരമാവധി എത്തിയത് അന്നുമുതൽ 2 വർഷം കഴിയുമ്പോൾ 01–11–2017ൽ സർവ്വീസിൽ ഉള്ളവർക്ക് സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് ലഭിക്കും. **JMG Scale-I, MMGS-II** എന്നീ സ്കെയിലുകാർക്ക് 5 സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് -ഉം **MMGS-III**ക്കാർക്ക് **6** സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് -ഉം സ്കെയിൽ **-IV** കാർക്ക് **2** സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് -ഉം സ്കെയിൽ **- V**ക്കാർക്ക് ഒരു സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് -ഉം ആണ് **11**–ാം ശമ്പള പരിഷ്ക്കരണത്തിൽ അനുവദിച്ചിരിക്കുന്നത്. ഇതിന്റെ മറ്റു നിബന്ധനകൾ നേരത്തെ പറഞ്ഞിരുന്നുവല്ലോ. സംശയങ്ങൾ ഉണ്ടെങ്കിൽ സർക്കുലർ നോക്കി ഉറപ്പുവരുത്തുക. പണ്ട് കാലത്ത് ശമ്പളക്കുടിശികയും മറ്റും പരിശോധിക്കാൻ ഹെഡ് ക്ലാർക്കുമാർ ഉണ്ടായിരുന്നു. ഇപ്പോൾ **HRMS**ൽ ആണ് എന്നതിനാൽ ഭൂരിഭാഗം ജീവനക്കാരും അത് ശ്രദ്ധിക്കാറില്ല. തെറ്റുകൾ വന്നിട്ടുണ്ടെങ്കിൽ ആശങ്കപ്പെടേണ്ടതില്ല. പരിഹാരങ്ങൾക്കായി അപേക്ഷകൊടുത്താൽ തീർച്ചയായും പരിഗണിച്ചിരിക്കും. അല്ലെങ്കിൽ സേവന സംഘടനകളും എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷനും ഉണ്ട്. കൃത്യമായി നടക്കുന്ന സ്ട്രക്ച്ചേർഡ് മീറ്റിംഗുകളിലും പരിഹാരങ്ങൾ ഉണ്ടാകും. ശമ്പളത്തെ സംബന്ധിച്ചോ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റുകളെ സംബന്ധിച്ചോ സംശയങ്ങൾ ഉണ്ടെങ്കിൽ താഴെ കാണുന്ന എന്റെ മൊബൈൽ നമ്പ റിൽ ബന്ധപ്പെട്ടാൽ അറിയാവുന്ന കാര്യങ്ങൾ പങ്കുവെയ്ക്കുന്നതിന് സന്തോഷമേയുള്ളൂ.

**K.G. Raveendran, Konakuppakattil, Appanchira Poozhikol P.O Kottayam Dt. PIN 686604 Mobile No: 9447733314, 9447431457**

# നർമ്മ വീഥി




വീട്ടിൽ എത്ര നാൾ പുറത്തിറങ്ങാതെ
ഇരിക്കേണ്ടി വരുമെന്ന് അറിയില്ലാ
ചേട്ടന്റെ മുൻകരുതൽ




ന്യൂമോണിയടെ പ്രശ്നം ഇതിന് മുമ്പ്
ഉണ്ടായിട്ടുണ്ടോ?
ഉണ്ട്.
എപ്പോൾ?
സ്കൂളിൽ പഠിക്കുന്ന കാലത്ത് ടീച്ചർ
അതിന്റെ സ്പെല്ലിങ് ചോദിച്ചപ്പോൾ.





# കൗതുക വാർത്തകൾ



‘ബാഡ് ബാങ്ക്’: പദ്മകുമാർ എം. നായർ സിഇഒ

പദ്മകുമാർ എം. നായർ



ചൊവ്വാ ഗ്രഹത്തിന്റെ ചിത്രങ്ങളിൽ സ്വർണ്ണത്തിളക്കത്തിലുള്ള പദാർത്ഥങ്ങൾ!

In Thailand, either you stay at home or get one of your legs locked. We need it in this country too 😅😅




# വായനക്കാർ എഴുതുന്നു




## ഇന്ത്യൻ കർഷക പ്രക്ഷോഭം

പാർലമെന്റ് പാസാക്കിയ മൂന്ന് കാർഷിക നിയമങ്ങൾ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് കർഷകസംഘടനകൾ നടത്തുന്ന തികച്ചും ന്യായമായ പ്രക്ഷോഭത്തെ ഗൗരവമായി കണ്ട് അതിനെ പിന്തുണക്കുന്ന സമീപനം എടുക്കുന്ന ഒയാസിസ് ന്യൂസ് ബുള്ളറ്റിനേയും അതിന്റെ എഡിറ്റോറിയൽ ബോർഡിനേയും അഭിനന്ദനം അറിയിക്കുന്നു.



രാജാകുറുപ്പ്, വൈസ് പ്രസിഡന്റ്

## ‘‘അമ്മ’’ എന്ന കവിത

ഇടുക്കി ജില്ലാ പ്രസിഡന്റ് ശ്രീ.റ്റി.ജെ.ജോസഫിന്റെ ‘‘അമ്മ’’ എന്ന കവിതയെ പ്രകീർത്തിച്ച് ഒരുപാട് പേർ ഇഷ്ടപ്പെട്ടതായി സ്മൈലികളിലൂടെ പ്രതികരിച്ചു കാണുന്നു. അഭിപ്രായങ്ങൾ എഴുതി വാറ്റ്സാപ്പിലൂടെ അയച്ചു തരുവാൻ ശ്രദ്ധിക്കുമല്ലൊ.

എഡിറ്റർ

# എസ്ബിഐപെൻഷനേഴ്സ അസോസിയേഷൻ

## കൊല്ലം ജില്ല പൊതുയോഗം

എസ്ബിഐ പെൻഷനേഴ്സ അസോസിയേഷൻ കൊല്ലം ജില്ല പൊതുയോഗം 29.05.2021 ശനിയാഴ്ച്ച ഉച്ച കഴിഞ്ഞ് 3 മണിക്ക് ഓൺലൈനായി നടത്തി. 71 പേർ പങ്കെടുത്തു. സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ ജയകുമാർ, മുൻ ജനറൽ സെക്രട്ടറി ശ്രീ ജോൺ ജോസഫ്, കൊല്ലം ഡിജിഎസ് ശ്രീ ഗണപതി, എന്നിവർ സംസാരിച്ചു .നന്ദി പ്രമേയത്തോടുകൂടി യോഗം വൈകുന്നേരം 5.30 മണിക്ക് പര്യവസാനിച്ചു.






എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻ കൊല്ലം ജില്ലാ പൊതുയോഗത്തെ അഭിസംബോധന ചെയ്ത് സംസാരിക്കുന്ന എസ്.ബി.ഐ.പെൻഷനേഴ്സ് അസ്സോസിയേഷൻ ജനറൽ സക്രട്ടറി ശ്രീ.എ.ജയകുമാർ



# Homage to Comrade BHAS.

**Joseph Thekkanal**



God desired a facelift to His garden,
Searched around earth for lovely plants with enchanting flowers,

In the land of 'Ananthan'
He found a plant named BHAS,
The plant was cute and bewitching, with full-blown flowers,
Spreading fragrance of kindness and compassion all around,
All envied the pretty plant and its alluring fowers,
God felt the plant befits heavenly garden more than the mucky dust,
He sent his aides, pulled up the plant,
And planted in the Garden of peace and tranquility,
The flowers of the plant will now adorn the throne of God.

We judged with human yardstick and declared it as cruel,
No time is given to bid bye to his fellows,
Even to his near and dear ones.
Master Gardener smiled and said,
I only need best plants, the plants with divine aroma,
You don't suit my garden now,
Bloom with divine flowers,
I shall accord an abode for you too in my garden.

We shall strive to bloom, bloom with abounding bliss,
And find a place in heavenly garden.

# യാത്രയയപ്പ്

## 2021 മേയ് മാസം വിരമിക്കുന്നവരോട്

പ്രിയപ്പെട്ടവരെ,

2021 മേയ് അവസാനം സർവീസ് പൂർത്തിയാക്കി വിരമിക്കുന്നത് 202 പേരാണ്. വരും മാസങ്ങളിലും ഏറെപ്പേർ ബാങ്കിന്റെ പടിയിറങ്ങുകയാണ്. കോവിഡ് മഹാമാരി താറുമാറാക്കിയ ജനജീവിതം ഇനിയും പൂർവ്വസ്ഥിതി പ്രാപിച്ചിട്ടില്ല. സീനിയർ സിറ്റിസൺസായ നമ്മുടെ അവസ്ഥ പ്രത്യേകം എടുത്തു പറയാനുമില്ല. ശാഖകളിൽ നേരിട്ടുപോയി യാത്രയയപ്പ് ചടങ്ങുകളിൽ പങ്ക് കൊള്ളാനും എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷനിലേയ്ക്ക് സ്വാഗതം ചെയ്യാനും കഴിയാത്ത അവസ്ഥ തുടരുക തന്നെയാണ്. ബാങ്കുമായി നമ്മുടെ ബന്ധം വേറിട്ടു കഴിഞ്ഞു. നമുക്ക് നാം മാത്രമാണിനി ആശ്രയം. ഇന്ന് ജോലിയിൽ നിന്നും വിരമിച്ചു പടിയിറങ്ങുന്ന പ്രിയ സഹോദരി സഹോദരന്മാർക്ക് എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ഊഷ്മളമായ ആശംസകൾ അറിയിക്കുന്നതോടൊപ്പം തന്നെ ഏവരേയും ഈ മഹത്തായ സംഘടനയിലേക്ക് സർവാത്മനാ സ്വാഗതം ചെയ്യുകയും ചെയ്യുന്നു.

അംഗീകൃത സംഘടനയായ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനിൽ ചേർന്ന് നമുക്കൊരുമിച്ച് നില്ക്കാം. സ്വാഗതം! എല്ലാവർക്കും ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണി ക്കുന്നു.

സ്നേഹപൂർവം



കെ.രാജീവൻ
പ്രസിഡന്റ്



എ ജയകുമാർ
ജനറൽ സെക്രട്ടറി

## വിരമിക്കുന്നവർ

എല്ലാവരുടേയും ഫോട്ടോകൾ സമാഹരിക്കാൻ കഴിയാത്തതിൽ ഖേദിക്കുന്നു. ലഭ്യമായവ ഇതോടൊപ്പം ചേർക്കുന്നു.

### സലിം.എ.എ.



ത്രിശ്ശൂർ അഡ്മിനിസ്ട്രേറ്റിവ് ഓഫീസിൽ നിന്നും ചീഫ് മാനേജറായി വിരമിക്കുന്ന സലിം.എ.എ.

### കെ. രാധാകൃഷ്ണൻ.



ആലപ്പുഴ അവലൂക്കുന്നു ശാഖയിൽ നിന്നും വിരമിക്കുന്ന. കെ. രാധാകൃഷ്ണൻ

### ശ്രീമതി.ശ്യാമളാ ഉണ്ണികൃഷ്ണൻ



തോട്ടക്കാട്ടുകര ശാഖയിൽ നിന്നും ഡെപ്യൂട്ടി മാനേജർ ആയി വിരമിക്കുന്ന ശ്രീമതി.ശ്യാമളാ ഉണ്ണികൃഷ്ണൻ

## ശ്രീമതി. ശ്യാമള.സി.സി.



ശ്രീമതി. ശ്യാമള.സി.സി. ഡെ.മാനേജർ, സെന്റ്രൽ പെൻഷൻ പ്രോസസ്സിംഗ് സെന്റർ,തിരുവനന്തപുരം

## ശ്രീ. ഉണ്ണികൃഷ്ണൻ.ഡി.



ശ്രീ. ഉണ്ണികൃഷ്ണൻ.ഡി. ഡെ.മാനേജർ, സെന്റ്രൽ പെൻഷൻ പ്രോസസ്സിംഗ് സെന്റർ,തിരുവനന്തപുരം

## രേണുക.എസ്.



രേണുക.എസ്. ചീഫ് അസോസ്സിയേറ്റ് ഡെ.മാനേജർ, സെന്റ്രൽ പെൻഷൻ പ്രോസസ്സിംഗ് സെന്റർ,തിരുവനന്തപുരം

## ലോഹിതദാസ്സൻ.എ



ലോഹിതദാസ്സൻ.എ., സീനിയർ അസോസ്സിയേറ്റ്, വേളമാനൂർ ശാഖ

## രമേശൻ ചന്ദ്രശേഖരൻ,



കടുത്തുരത്തി ശാഖയിൽ നിന്നും ആംഡ് ഗാർഡ് ആയി വിരമിക്കുന്ന രമേശൻ ചന്ദ്രശേഖരൻ

## വി. നന്ദകുമാർ, പുതുക്കാട് ശാഖ



വി. നന്ദകുമാർ

## രവീന്ദ്രൻ.വൈ.



ബാലരാമപുരം ശാഖയിൽ നിന്നും ഡെ. മാനേജർ ആയി വിരമിക്കുന്ന രവീന്ദ്രൻ.വൈ

## മോഹനൻ.എൻ., മാനേജർ (എസ്.എം.ഇ) റാസ്മെക് ഒറ്റപ്പാലം



മോഹനൻ.എൻ

## ഹരി.എൻ.എസ്, ഡെ. മാനേജർ, റാസ്മെക് ഒറ്റപ്പാലം



ഹരി.എൻ.എസ്.

## വെങ്കിടസുബ്രഹ്മണ്യം.എൻ.എ



പാലക്കാട് റോബിൻസൺ റോഡ് ശാഖയിൽ നിന്നും ചീഫ് അസ്സോസിയേറ്റ് ആയി വിരമിക്കുന്ന വെങ്കിടസുബ്രഹ്മണ്യം.എൻ.എ

## പി.ഹേമാനന്ത റാവു



കാഞ്ഞങ്ങാട് റീജിയണൽ ബിസ്സിനസ് ഓഫീസിൽ നിന്നും മാനേജർ (എച്ച്.ആർ.) ആയി വിരമിക്കുന്ന പി.ഹേമാനന്ത റാവു,

## ജയനാരായണൻ.കെ.



കാഞ്ഞങ്ങാട് റീജിയണൽ ബിസ്സിനസ് ഓഫീസിൽ നിന്നും മാനേജർ (എൻ.പി.ഐ.) ആയി വിരമിക്കുന്ന ജയനാരായണൻ.കെ.

## ജെസ്സി.യു.ജോസഫ്



മാള ബ്രാഞ്ചിൽ നിന്നും ചീഫ് അസ്സോസിയേറ്റ് ആയി വിരമിക്കുന്ന ശ്രീമതി. ജെസ്സി.യു.ജോസഫ്

## കെ.എസ്.കൃഷ്ണകുമാർ



അങ്കമാലി ബ്രാഞ്ചിൽ നിന്നും സ്പെഷ്യൽ അസ്സോസിയേറ്റ് ആയി വിരമിക്കുന്ന കെ.എസ്. കൃഷ്ണകുമാർ

## പി.പി.എബ്രഹാം



കുമ്പനാട് ബ്രാഞ്ചിൽ നിന്നും ആംഡ് ഗാർഡ് ആയി വിരമിക്കുന്ന പി.പി.എബ്രഹാം

## ശ്രീമതി.സീതാലക്ഷ്മി



എറണാകുളം അസ്സെറ്റ് റിക്കവറി മാനേജ്മെന്റ് ശാഖയിൽ നിന്നും ഡെപ്യൂട്ടി മാനേജർ ആയി വിരമിക്കുന്ന ശ്രീമതി. സീതാലക്ഷ്മി.

## എൻ.രാധാകൃഷ്ണൻ



അവലൂക്കുന്ന് ബ്രാഞ്ചിൽ നിന്നും സീനിയർ അസ്സോസിയേറ്റ് ആയി വിരമിക്കുന്ന എൻ.രാധാകൃഷ്ണൻ

## രാജു.പി.സി.



വാകത്താനം ശാഖയിൽ നിന്നും വിരമിക്കുന്ന രാജു.പി.സി.

## ഗോപകുമാർ .കെ



തിരുവനന്തപുരം കറൻസി അഡ്മിനിസ്ട്രേഷൻ സെൽ ഓഫീസിൽ നിന്നും സീനിയർ അസ്സോസിയേറ്റ് (RKC)ആയി വിരമിക്കുന്ന ഗോപകുമാർ .കെ

## പ്രതീഷ് ബാബു.ആർ.



തിരുവനന്തപുരം കറൻസി അഡ്മിനിസ്ട്രേഷൻ സെൽ ഓഫീസിൽ നിന്നും സീനിയർ അസ്സോസിയേറ്റ് ആയി വിരമിക്കുന്ന പ്രതീഷ് ബാബു.ആർ.

## അശോകൻ.പി.ജെ.



അശോകൻ.പി.ജെ
തിരുവനന്തപുരം കറൻസി അഡ്മിനിസ്ട്രേഷൻ സെൽ ഓഫീസിൽ നിന്നും ജനറൽ അറ്റണ്ടർ ആയി വിരമിക്കുന്ന അശോകൻ.പി.ജെ

## രാധാകൃഷ്ണൻ.എ.വി.



പയ്യന്നൂർ കൃഷി വികസന ശാഖയിൽ നിന്നും ഡെ.ബ്രാഞ്ച് മാനേജരായി വിരമിക്കുന്ന രാധാകൃഷ്ണൻ.എ.വി.

## ഗോപിനാഥൻ.പി.



വല്ലപ്പുഴ ശാഖയിൽ നിന്നും സീനിയർ അസ്സോസിയേറ്റ് ആയി വിരമിക്കുന്ന ഗോപിനാഥൻ.പി.

## മോഹനൻ പിള്ള. ജി..



മോഹനൻ പിള്ള. ജി.
കരുനാഗപ്പള്ളി ശാഖയിൽ നിന്നും അസ്സോസിയേറ്റ് ആയി വിരമിക്കുന്ന മോഹനൻ പിള്ള. ജി..

## റോസമ്മ കാർഡോസ്



കരുനാഗപ്പള്ളി ശാഖയിൽ നിന്നും ഹെഡ് മെസ്സഞ്ജർ ആയി വിരമിക്കുന്ന ശ്രീമതി. റോസമ്മ കാർഡോസ്

## ബാലകൃഷ്ണൻ.കെ.പി.



പട്ടാമ്പി ശാഖയിൽ നിന്നും സീനിയർ അസോസ്സിയേറ്റ് ആയി വിരമിക്കുന്ന ബാലകൃഷ്ണൻ.കെ.പി.

## മാദ്ധ്യമങ്ങളിൽ കൗതുകമായി രാമ ലക്ഷ്മണന്മാർ



മണ്ണാർക്കാട്ട് നടമാളിക റോഡിൽ ''ദ ടിൻസ്'' വീട്ടിൽ താമസിക്കുന്ന ഇരട്ടകളായ രാമപ്രസാദും ലക്ഷ്മണ പ്രസാദും ചീഫ് അസോസ്സിയേറ്റ് പദവിയിൽ നിന്ന് വിരമിക്കുകയാണ്. ജന്മനാ ഇരട്ടകളായ ഇവരുടെ സ്കൂൾ, കോളേജ് വിദ്യാഭ്യാസവും എസ്.ബി.ഐ യിലെ ജോലി പ്രവേശവും ഇരട്ടകളായ സഹോദരിമാർ ജയമതിയെയും ജയശെൽവിയേയും വിവാഹം കഴിച്ചതും ഒരേ തസ്തികയിൽ നിന്നുള്ള വിരമിക്കലും കൗതുകമുണർത്തിയിരിക്കയാണ്. മക്കളും 2 പേർ വീതം. ശരൺ, പ്രവീൺ രാമിനും വരുൺ, ഐശ്വര്യാ ലക്ഷ്മണിനും.

## ഒരേദിവസം വിരമിക്കുന്ന അനിയൻ മാത്യുവും ഭാര്യ ലാലിയും




എസ്.ബി.ഐ. പാമ്പാടി കുറ്റിക്കൽ ശാഖയിൽ ചീഫ് അസോസിയേറ്റായ അനിയൻ മാത്യുവും പാമ്പാടി ശാഖയിൽ ചീഫ് അസോസിയേറ്റായ ഭാര്യ ലാലിക്കുട്ടി കുര്യനും ഒരേ ദിവസമാണ് ജോലിയിൽനിന്ന് വിരമിക്കുന്നത്. ഓൾ ഇന്ത്യ ബാങ്ക് എംപ്ലോയീസ് അസോസിയേഷൻ (എ.ഐ.ബി.ഇ.എ.) സംസ്ഥാന പ്രസിഡൻറും മുൻ എസ്.ബി.റ്റി. യൂണിയൻ, ട്രാവൻകൂർ സ്റ്റേറ്റ് ബാങ്ക് എംപ്ലോയീസ് യൂണിയൻ * (ടി.എസ്.ബി.ഇ.എ.) പ്രസിഡൻറുമാണ് അനിയൻ മാത്യു.

## ബാബു.പി.എൻ.



കോട്ടയം ആർ.ബി.ഒ.-2 യിൽ നിന്നും ചീഫ് മാനേജർ ക്രെഡിറ്റ് ആയി വിരമിക്കുന്ന ബാബു.പി.എൻ.

## ശോഭ.എം.കെ



കോട്ടയം എസ്.എം.ഇ. ശാഖയിൽ ചീഫ് അസോസ്സിയേറ്റ് പദവിയിൽ നിന്നും വിരമിക്കുന്ന ശോഭ.എം.കെ.

## സുകുമാരി.കെ.എൻ



കഞ്ഞിക്കുഴി ശാഖയിൽ നിന്നും ജനറൽ അറ്റണ്ടർ ആയി വിരമിക്കുന്ന സുകുമാരി.കെ.എൻ

## ലീലാകുമാരി.വി.കെ.



പത്തനംതിട്ട റാസ്മെക്കിൽ നിന്നും ഡെപ്യൂട്ടി മാനേജരായി വിരമിക്കുന്ന ശ്രീമതി. ലീലാകുമാരി. വി.കെ.

## ശ്രീബാല.ടി.സി



കോഴിക്കോട് മെയിൻ ശാഖയിൽ നിന്ന് ചീഫ് അസോസ്സിയേറ്റ് പദവിയിൽ നിന്നും വിരമിക്കുന്ന ശ്രീമതി. ശ്രീബാല.ടി.സി.

## സുശീല.വി.കെ



വെസ്റ്റ് ഫോർട്ട് ബ്രാഞ്ചിൽ ചീഫ് അസോസ്സിയേറ്റ് പദവിയിൽ നിന്നും വിരമിക്കുന്ന ശ്രീമതി. സുശീല.വി.കെ

## ഡെലിൻ ഡേവീസ്



പൂങ്കുന്നം റെയിൽവേ സ്റ്റേഷൻ ശാഖയിൽ നിന്നും ചീഫ് അസ്സോസിയേറ്റ് ആയി വിരമിക്കുന്ന ശ്രീമതി. ഡെലിൻ ഡേവീസ്

## പി.കൃഷ്ണൻ കുട്ടി



ഫറോക്ക് ശാഖയിൽ നിന്നും വിരമിക്കുന്ന ആംഡ് ഗാർഡ് പി.കൃഷ്ണൻ കുട്ടി

## വസന്ത മോഹനദാസ്സൻ നായർ



തൃപ്രയാർ ശാഖയിൽ നിന്നും അസിസ്റ്റന്റ് മാനേജർ ആയി വിരമിക്കുന്ന ശ്രീമതി. വസന്ത മോഹനദാസ്സൻ നായർ

## ജിജി തോമസ്



തിരുവനന്തപുരം കൈതമുക്ക് ശാഖയിൽ നിന്നും ചീഫ് അസ്സോസിയേറ്റ് ആയി വിരമിക്കുന്ന ശ്രീമതി ജിജി തോമസ്

## ഉഷ പ്രഭ.ആർ.എസ്.



അസിസ്റ്റന്റ് മാനേജർ കൊട്ടാരക്കര ശാഖയിൽ നിന്നും ഡെപ്യൂട്ടി മാനേജരായി വിരമിക്കുന്ന ശ്രീമതി. ഉഷ പ്രഭ.ആർ.എസ്.

## രത്നമ്മ



അറുമാനൂർ ശാഖയിൽ നിന്നും വിരമിക്കുന്ന കാഷ് ഓഫീസർ ശ്രീമതി. രത്നമ്മ

## ചാന്ദ്നി.ആർ



നെയ്യാറ്റിങ്കര മെയിൻ ശാഖയിൽ നിന്നും ഡെപ്യൂട്ടി ബ്രാഞ്ച് മാനേജരായി വിരമിക്കുന്ന ശ്രീമതി.ചാന്ദ്നി.ആർ.

## ആർ. ചന്ദ്രൻ പിള്ള



കൊല്ലം കാഷ് അഡ്മിനിസ്ട്രേഷൻ സെല്ലിൽനിന്നും വിരമിക്കുന്ന ആംഡ് ഗാർഡ് ആർ. ചന്ദ്രൻ പിള്ള

## തങ്കപ്പൻ.വി.പി.



വാകത്താനം ശാഖയിൽ നിന്നും വിരമിക്കുന്ന തങ്കപ്പൻ.വി.പി..

## രാധാകൃഷ്ണൻ



മാവേലിക്കര റാസ്മെക്കിൽ നിന്നും ഡെപ്യൂട്ടി മാനേജരായി വിരമിക്കുന്ന ശ്രീ രാധാകൃഷ്ണൻ.

## മൊഹമ്മദ് റാഫി



കോട്ടയം കാഷ് അഡ്മിനിസ്ട്രേഷൻ സെല്ലിൽ നിന്നും റക്കോർഡ് കീപ്പർ കം കാഷ്യർ ആയി വിരമിക്കുന്ന മൊഹമ്മദ് റാഫി

## തങ്കച്ചൻ.സി.കെ.



മലയാലപ്പുഴ ശാഖയിൽ നിന്നും കാഷ് ഇൻ ചാർജ് ആയി വിരമിക്കുന്ന തങ്കച്ചൻ.സി.കെ.

## ജയശ്രീ ഭാർഗ്ഗവി



കൊട്ടാരക്കര റാസ്മെക്കിൽ നിന്നും ഡെപ്യൂട്ടി മാനേജരായി വിരമിക്കുന്ന ജയശ്രീ ഭാർഗ്ഗവി

## ആലപ്പുഴ ഡാണാപ്പടി വിശ്വനാഥൻ പിള്ള സീനിയർ അസോസ്സിയേറ്റ്



ആലപ്പുഴ ഡാണാപ്പടി ശാഖയിൽ നിന്നും വിരമിക്കുന്ന വിശ്വനാഥൻ പിള്ള, സീനിയർ അസോസ്സിയേറ്റ്

## ബാലസുന്ദരൻ.പി



സുൽത്താൻ ബത്തേരി ശാഖയിൽ നിന്നും സീനിയർ അസോസ്സിയേറ്റ് ആയി വിരമിക്കുന്ന ബാലസുന്ദരൻ.പി

## ശ്രീമതി. ടെസ്സി ജോൺ



മുവാറ്റുപുഴ റാസ്മെക്കിൽ നിന്നും ഡെ.മാനേജരായി ശ്രീമതി. ടെസ്സി ജോൺ

## രമേഷ്.കെ.



ബാലുശ്ശേരി ശാഖയിൽ നിന്നും ചീഫ് അസോസ്സിയേറ്റ് ആയി വിരമിക്കുന്ന രമേഷ്.കെ.

## .തുളസീദാസ്സൻ.പി.



ആലപ്പുഴ കാവാലം ശാഖയിൽ നിന്നും ചീഫ് അസോസ്സിയേറ്റ് ആയി വിരമിക്കുന്ന തുളസീദാസ്സൻ. പി.

## സുജാത.എം.എ.



കരിപ്പുഴ ശാഖയിൽ നിന്നും ചീഫ് അസോസ്സിയേറ്റ് ആയി വിരമിക്കുന്ന ശ്രീമതി. സുജാത.എം.എ.

## രജാമ്മാൾ.എം.പി.



എലന്തൂർ ശാഖയിൽ നിന്നും വിരമിക്കുന്ന ശ്രീമതി രജാമ്മാൾ.എം.പി.

## പ്രതാപൻ.പികെ.



നോർത്ത് പറവൂർ വെടിമര ജംഗ്ഷൻ മന്നം ശാഖയിൽ നിന്നും സീനിയർ അസോസ്സിയേറ്റ് ആയി വിരമിക്കുന്ന ശ്രീ പ്രതാപൻ.പികെ.

## സതീഷ് ചന്ദ്രൻ



മഞ്ചേരി ടൗൺ ശാഖയിൽ നിന്നും . വിരമിക്കുന്ന സതീഷ് ചന്ദ്രൻ..

## സി.കെ.ജോർജ്ജ്



പേരാവൂർ ശാഖയിൽ നിന്നും സീനിയർ ഹെഡ് മെസ്സഞ്ജർ ആയി വിരമിക്കുന്ന ശ്രീ സി.കെ.ജോർജ്ജ്

## പ്രസന്നൻ.ബി.



അമൃതപുരി ശാഖയിൽ നിന്നും സീനിയർ അസോസ്സിയേറ്റ് ആയി വിരമിക്കുന്ന ശ്രീ പ്രസന്നൻ.ബി.

# ഏപ്രിൽ മാസം വിരമിച്ചവരുടെയും മെയ് ജൂൺ മാസങ്ങളിൽ വിരമിക്കുന്നവരുടെയും ഒരു സംഗമം

SBI യിൽ നിന്ന് ഏപ്രിൽ മാസം വിരമിച്ചവരുടെയും മെയ് , ജൂൺ മാസം വിരമിക്കുന്നവരുടെയും ഒരു സംഗമം സൂം മീറ്റിംഗ് ആയി 25.05.2021 വെള്ളിയാഴ്ച്ച ഉച്ച കഴിഞ്ഞ് 3 മണിക്ക് ഓൺലൈൻ പ്ലറ്റ്ഫോമിൽ നടത്തി.



SBI യിൽ നിന്ന് ഏപ്രിൽ മാസം വിരമിച്ചവരുടെയും മെയ് , ജൂൺ മാസം വിരമിക്കുന്നവരുടെയും ഒരു സംഗമം സൂം മീറ്റിംഗ് ആയി 25.05.2021 വെള്ളിയാഴ്ച്ച ഉച്ച കഴിഞ്ഞ് 3 മണിക്ക് ഓൺലൈൻ പ്ലറ്റ്ഫോമിൽ നടത്തിയപ്പോൾ




വിരമിക്കുന്നവരുടെ സംഗമത്തിൽ പങ്കെടുത്ത് സംസാരിക്കുന്ന ഡി.ജി.എസ്. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ സംസ്ഥാന പ്രസിഡന്റ് കെ.രാജീവൻ, സംസ്ഥാന സെക്രട്ടറി എ.ജയകുമാർ, ശ്രീ.സലീം ആറാക്കൽ എന്നിവർ.

# എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു

ഈ മാസം 31നു സർവീസിൽ നിന്നു വിരമിക്കുന്ന എല്ലാ സഹപ്രവർത്തകർക്കും ഒരു സന്തോഷപൂർണ്ണമായ രണ്ടാം ഇന്നിംഗ്സ് ആശംസിക്കുന്നു. ഇപ്പോഴത്തെ പ്രത്യേക പശ്ചാത്തലത്തിൽ നേരിൽ കാണുന്നതിനും ആശംസകൾ അർപ്പിക്കുന്നതിനും നിവൃത്തിയില്ലല്ലോ.



ബി സി ഉണ്ണികൃഷ്ണൻ നായർ സംസ്ഥാന വൈസ് പ്രസിഡന്റ്

വിരമിക്കലിനു ശേഷവും അവരവർക്കു താൽപര്യമുള്ള മറ്റു പ്രവൃത്തികളിൽ വ്യാപൃതരായി സമയം അർത്ഥ പൂർണ്ണമായി ചിലവഴിക്കുക. ആരോഗ്യകാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കുക.. കോവിഡ് വാക്സിൻ ഇനിയും എടുക്കാനുള്ളവർ അതുടനേ ചെയ്യുക. മറ്റു കോവിഡ് നിയന്ത്രണങ്ങൾ പാലിക്കുക.

പെൻഷനേഴ്സ് അസോസിയേഷന്റെ അംഗത്വ ഫോറം എത്റയും വേഗം സമർപ്പിച്ച് സംഘടനയുടെ ഭാവിപരിപാടികളിൽ സജീവമായി പന്കെടുക്കണം. അവരവരുടെ ജില്ലാ വാട്സാപ് ഗ്രൂപ്പുകളിൽ അംഗമാകുന്നത് നമുക്കു താൽപര്യമുള്ള പെൻഷൻ സംബന്ധമായ വിവരങ്ങൾ യഥാസമയം അറിയുന്നതിനു സഹായകമാകും. എല്ലാവർക്കും ഒരിക്കൽ കൂടി എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു.

ബി സി ഉണ്ണികൃഷ്ണൻ നായർ,
സംസ്ഥാന വൈസ് പ്രസിഡന്റ്

## യാത്രയയപ്പ് യോഗം



3.05.2021ന് കടുത്തുരുത്തി SBI ശാഖയിൽ നിന്നും റിട്ടയർ ചെയ്ത ശ്രീ രമേശന്റെ റിട്ടയർമെൻറ് മീറ്റിംഗിൽ നിന്ന്...........



31.05.2021ൽ റിട്ടയർ ചെയ്ത വൈയ്ക്കം എസ്.ബി.ഐ. ശാഖയിലെ ശ്രീമതി. പുഷ്പയുടെ റിട്ടയർമെൻറ് മീറ്റിംഗിൽ നിന്നും.....






കോട്ടയം ജില്ലാ കളക്ടർ ശ്രീമതി.അഞ്ജന 'ഗ്രീനർ പ്ലാനറ്റ് പദ്ധതിയുടെ ആദ്യത്തെ കൃഷി കിറ്റ് നമ്മുടെ അംഗം ശ്രീമതി. ആച്ചിയമ്മ എബ്രഹാമിന് നല്കി ഉദ്ഘാടനം ചെയ്യുന്നു. ശ്രീമതി. ആച്ചിയാമ്മ എബ്രഹാമിന് അഭിനന്ദനങ്ങൾ!

## സ്റ്റീഫൻ ഹോക്കിങ്ങ്







## സുരേന്ദ്രനാഥ് ഭാസ്



സുരേന്ദ്രനാഥ് ഭാസ്

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം യൂണിറ്റ് അംഗവും തിരുവനന്തപുരം ഏരിയാ ഡെ. ജനറൽ സെക്രട്ടറിയുമായ ഊറ്റുകുഴി ഫ്യൂച്ചർ സെന്റർ 6 എ 3 മീനാക്ഷിയിൽ ശ്രീ സുരേന്ദ്രനാഥ് ഭാസ് ( L.M.1253) കോസ്മോപ്ലിറ്റൻ ഹോസ്പിറ്റലിൽ കോവിഡ് ബാധിച്ച് ചികിത്സയിലിരിക്കവെ

ആകസ്മികമായി നിര്യാതനായ വിവരം അഗാധമായ ദുഖത്തോടെ, ഖേദപൂർവ്വം അറിയിക്കുന്നു. ഒരാഴ്ചയായി കൊറോണയായിട്ട് ICU യിൽ ആയിരുന്നു.

ഭാര്യ:ഷൈലജാകുമാരി ഭാസ്, മക്കൾ: സീമാ രാജേഷ്, സിബു മരുമക്കൾ: രാജേഷ്. പി.സാരഥി, ദീപാ സിബു. ശവ സംസ്കാരം കോവിഡ് പ്രോട്ടോകോൾ പ്രകാരം ശാന്തികവാടത്തിൽ നടത്തി.

## കണ്ണീർ പ്രണാമം!!

ഡിജിഎസ് സുരേന്ദ്രനാഥ്ഭാസ് ഇനി നമ്മോടൊപ്പമില്ല. അവിശ്വസനീമായ വാർത്ത! നുറുങ്ങിയ ഹൃദയത്തോടെ തരിച്ചിരുന്നപോയ നിമിഷങ്ങളിൽ ഭാസിന്റെ സുസ്മേരവദനം മനോമുകുരത്തിൽ തിങ്ങി നിറഞ്ഞു. ആർക്കും എപ്പോഴും ആശ്രയിക്കാവുന്ന സുഹൃത്ത്. ഒരു മടിയും കൂടാതെ പെൻഷന്കാർക്കായി എന്തിനും ഏതിനും ഓടിയെത്തുന്ന ബന്ധു. ആത്മനൊമ്പരത്തോടെ കുറിക്കട്ടെ, ഈ നഷ്ടം സംഘടനയ്ക്ക് നികത്താനാവുന്നില്ല.

എം. ജി. രാഘവൻ, ജില്ലാ പ്രസിഡന്റ്, എസ്ബിഐ
പെൻഷനേഴ്സ് അസോസിയേഷൻ, കോട്ടയം

# പ്രിയപ്പെട്ട ഭാസിന് സ്നേഹാദരങ്ങളോടെ

ഒന്നും എഴുതാൻ കഴിയാതെയുള്ള ഈ ഇരിപ്പ് തുടങ്ങയിട്ട് കുറെയേറെ മണിക്കൂറുകളായിരിക്കുന്നു. മുൻപെങ്ങുമില്ലാത്ത അനുഭവം.

മിനിയാന്ന് രാവിലെ പാലയ്ക്കന്റെ വിറയാർന്ന ശബ്ദത്തിലൂടെ മൊബൈലിൽ നിന്നും പതിയെ എന്നിലേക്കെത്തിയ ആ ദു:ഖവാർത്തയുടെ ആഘാതത്തിൽ തന്നെയാണ് ഞാനി പ്പോഴും.

സാധാരണയിൽ നിന്നും ഇത്തിരി വലിപ്പമേറിയ കണ്ണടക്കുള്ളിലെ തിളക്കമാർന്ന കൺമണികളും ഒതുക്കി ചീകിയ വെളുത്ത കോലൻ മുടിയും ഒരു മാസ്മരിക പ്രവാഹമായി ഇടതടവില്ലാതെ നമ്മിലേക്കൊഴുകിയെത്തുന്ന ആ മനോഹരമായ പുഞ്ചിരിയും ആർക്കോവേണ്ടി ചെയ്തു തീർക്കാൻ മനസ്സിലുറപ്പിച്ച കാര്യത്തേക്കുറിച്ചുള്ള കണക്ക് കൂട്ടൽ പ്രകടമായ മുഖവുമാണ് ഇപ്പോൾ എൻറെ ചുറ്റിലും.

നാല് പതിറ്റാണ്ട്കൾക്കപ്പുറം, തിരുവനന്തപുരം കോട്ടയ്ക്കകത്തെ അനന്ത വിലാസം കൊട്ടാരത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കേരളത്തിലെ ആദ്യത്തെ സി. ആർ. എം ഓഫീസിൻറെ ഉദ്ഘാടനവേളയിലെ തിരക്കിനിടയിൽ സംഘാടകരിലൊരാളായി ഓടിനടന്ന ഊർജ്ജസ്വലനായ ചെറുപ്പക്കാനായാണ് മനസ്സിൽ ഞാൻ കോറിയിട്ട ആദ്യചിത്രം. കാര്യകാരണങ്ങളില്ലാതെ മനസ്സിനകത്ത് തോന്നിയ ഒരുപ്രത്യേക ഇഷ്ടത്തോടെ തിരക്കിയപ്പോൾ, ഇന്ന് ജീവിച്ചിരിപ്പില്ലാത്ത, ഒറ്റപ്പാലത്തെ എൻറെ പഴയ സഹചാരി സി രാജേന്ദ്രനാണ് പേര് പറഞ്ഞു എന്നെ പരിചയപ്പെടുത്തിയത്. പേര് ഭാസ്. മുഴുവൻ പേര് സുരേന്ദ്രനാഥ് ഭാസ്. സജീവമായ എൻറെ സ്റ്റാഫ്യുണിയൻ ദിനങ്ങളോട് വിടപറഞ്ഞു കാഷ് ഓഫീസറായി കൊയിലാണ്ടിയോട് യാത്ര പറഞ്ഞു ആൽത്തറയെന്ന എൻറെ പുതിയ ലാവണത്തിൽ ചേക്കേറിയതിൽ പിന്നീടാണ് ഭാസ് എന്ന വ്യക്തിയുടെ ആഴവും പരപ്പും മനസ്സിലാക്കാനുള്ള കുടുതൽ അവസരങ്ങൾ എനിക്ക് മുന്നിൽ തുറക്കുന്നത്. റീജിയണൽ ഓഫീസ് അനന്തവിലാസം കൊട്ടാരത്തിൽ നിന്നും പാളയത്തെ എൽ എം എസ് കെട്ടിടത്തിലേക്ക് മാറ്റി പ്രതിഷ്ഠിച്ചത് നേരിൽ കാണാനും പരിചയത്തിന്റെ കനം കൂട്ടാനും സഹായിച്ചു. ആൽത്തറ ബ്രാഞ്ചിൽ നിന്നും ഒരു വിളിപ്പാട് അകലെ മാത്രം സ്ഥിതി ചെയ്ത എൽ എം എസിലെ പൂക്കളമത്സരം, ഓണാഘോഷം,

റിപ്പബ്ലിക് സ്വാതന്ത്ര്യ ദിനാഘോഷങ്ങൾ തുടങ്ങി എല്ലാറ്റിലും പങ്കെടുക്കാനുള്ള അവസരം ഭാസുമായുള്ള സാമീപ്യത്തിന് ഏറെ സഹായകമായി. സ്വാഭാവികമായും എല്ലാത്തിൻറെയും സംഘാടനത്തിൻറെ മുഖ്യകാർമികത്വം വഹിച്ചിരുന്നത് ഭാസ് തന്നെയായിരുന്നു.. 2001ൽ കേരള സർക്കിൾ രൂപീകരണവും എസ്ബിഐ ഓഫീസേഴ്സ് അസോസിയേഷൻ പ്രസിഡന്റായുള്ള എന്റെ സ്ഥാനലബ്ധിയും അനുബന്ധമായി തിരുവനന്തപുരത്തേക്കുള്ള എന്റെ രണ്ടാം വരവിനും ശേഷമാണ് അതുവരേക്കും ഞങ്ങൾക്കിടയിൽ നിലനിന്നിരുന്ന സ്നേഹബന്ധത്തിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു ഗാഢബന്ധം പൊടുന്നനെ രൂപപ്പെട്ടത്. മുഖവുര കുടാതെ, സംശയലേശമെന്യേയുള പരസ്പര ധാരണയോടെ, കാര്യങ്ങൾ, ഔദ്യോഗികവും വ്യക്തിപരവുമായ, എല്ലാമെല്ലാം കൈമാറാനും ഉൾക്കൊള്ളാനുമുള്ള ചേർച്ച മുറ്റി നിൽക്കുന്ന ഊഷ്മളമായ ബന്ധം. ആവശ്യങ്ങൾ കൂടുതലും എനിക്കായിരുന്നു എന്ന് ഇപ്പോൾ ഈ നിമിഷം ഞാൻ തിരിച്ചറിയുന്നു. താരതമ്യങ്ങൾ അശേഷമില്ലാത്തതാണ് മൂന്നാം ഘട്ടം. തികഞ്ഞ സംതൃപ്തിയോടെ ഔദ്യോഗിക ജീവിതത്തോട് വിടപറഞ്ഞു ബാങ്കിന്റെ പടിയിറങ്ങിയ കാലം. പെൻഷനേഴ്സ് അസോസ്സിയേഷനിൽ അംഗത്വമെടുത്തിരുന്നെങ്കിലും അതിന്റെ ഭാരവാഹിത്വത്തിലേക്ക് എന്തായാലും ഇല്ല എന്നനിലയിൽ മുന്നോട്ട്പോകവേ ഒരു നിയോഗം പോലെ വീണ്ടുമൊരുമിച്ച് ഭാരവാഹിത്വത്തിൽ ഞങ്ങൾ രണ്ടു പേരും.

ഒരുമിച്ചു ചെയ്തു തീർക്കേണ്ടുന്ന കർമ്മങ്ങൾ ശേഷിച്ചതായിരിക്കാം പഴയ കൂട്ടായ്മയുടെ ഈ പുനരാവർത്തനം. ദിനരാത്രഭേദമില്ലാതെ എന്നെ തേടിയെത്തിയ അസംഖ്യം കോളുകൾ. വ്യക്തമായ കാര്യകാരണങ്ങളില്ലാതെ ഇൻഷൂറൻസ് കമ്പനികൾ നിരസിച്ച ഏതാനും കനത്ത ബില്ലുകളെച്ചൊല്ലി, തിരുവനന്തപുരം യൂണിറ്റിന്റെ ആശ്വാസ്കിരൺ പോലെ സംസ്ഥാന തലത്തിൽ നടത്തേണ്ടുന്ന പുതിയ സഹായനിധിയെപ്പറ്റി, ഭാരവാഹിത്വത്തിനൊരു രണ്ടാം നിരയെ വളർത്തുന്നതേക്കുറിച്ച്, ആനന്ദ് രതിയുമായുള്ള ഓൺലൈൻ മീറ്റിൽ വിട്ടു പോവാതെ പറയേണ്ടുന്ന പോയൻറ്കൾ , കാർത്തികേയൻ നായരുടെയും രാധാകൃഷ്ണൻ നായരുടെയും അസുഖത്തെപ്പറ്റിയുള്ള ഏറ്റവും ഒടുവിലത്തെ അവസ്ഥ അങ്ങനെ, പ്രസിഡന്റ് എന്ന നിലയിൽ അനിവാര്യമായും ഞാനറിഞ്ഞിരിക്കേണ്ട എല്ലാസംഘടനാ കാര്യങ്ങളും ചൂടാറാതെ മുറതെറ്റാതെ എന്നിലെത്തിച്ചിരുന്നൂ ആ ഫോൺകോളുകൾ. ഇനിയൊരിക്കലും അതുണ്ടാവില്ല എന്ന യാഥാർത്ഥ്യം ഞാൻ ഉൾക്കൊള്ളുന്നു.

തമ്പാനൂരിലെ ഹോളിഡേ ഹോമിൽ നിന്ന് പൂജപ്പുരയിലെ ഹെഡ്ഡാഫീസ്സിലേക്ക് രാജക്കുറുപ്പിനും പാലയ്ക്കനും ജയനുമൊപ്പം മീറ്റിങ്ങിനായി പ്പോവുന്ന വെള്ളിനിറമാർന്ന

സെഡാന്റെ സാരഥിയായി വളയം പിടിച്ചിരുന്ന ചുവപ്പും തവിട്ടും കലർന്ന നിറം തിളങ്ങുന്ന കുപ്പായക്കാരൻ ഇനിയങ്ങോട്ടുള്ള യാത്രകളിൽ നമ്മോടൊപ്പം ഇല്ല എന്നതും ഒരു യാത്രാമൊഴി പൊലുമുരിയാതെ തന്റെ ജൻമദൗത്യം പൂർത്തിയാക്കി കാണാമറയത്തേക്ക് പോയതും ഉൾക്കൊള്ളാൻ മടികാണിക്കുന്ന മനസ്സേ വിശ്വസിക്കുക, ഇതുവരെക്കും ആരേയും അറിയിക്കാതെ മനം നിറഞ്ഞ് ഞാൻ ആരാധിച്ച സുരേന്ദ്രനാഥ് ഭാസ് എന്ന പ്രിയ കൂട്ടുകാരൻ ഇപ്പോൾ അങ്ങകലെ നക്ഷത്രങ്ങൾക്കിടയിൽ നിന്നും നമ്മെ നോക്കി പുഞ്ചിരിക്കുകയാണ്. പ്രിയപ്പെട്ട ഭാസിന് സ്നേഹാദരങ്ങളോടെ,



കെ.രാജീവൻ , പ്രസിഡന്റ് എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷൻ ,

## ശ്രീ ആന്റണി ഡി' കൊട്ടയിൽ നിന്നുള്ള സന്ദേശം

മുപ്പത് വർഷത്തിലേറെയായി എന്റെ ആത്മമിത്രമായിരുന്ന ശ്രീ.സുരേന്ദ്ര ഭാസിന്റെ നിര്യാണ വാർത്തകേട്ട് തീർച്ചയായും ഞാൻ വളരെയധികം ദു:ഖിതനാണ്. ആവശ്യമോ ഉദ്ദേശ്യമോ എന്തുതന്നെയായാലും എന്റെ കോളിന് മറുപടി നൽകാൻ, ഒരിക്കലും അദ്ദേഹം മടി കാണിച്ചിട്ടില്ല. അദ്ദേഹത്തിന്റെ സഹധർമ്മിണിയും കുട്ടികളും അവരുടെ വിവരണാതീതവും അതിതീവ്രവുമായ വേദനയും നഷ്ടവും എങ്ങനെ സഹിക്കുമെന്നോർത്ത് സങ്കടപ്പെടുകയാണ് ഞാൻ. അദ്ദേഹത്തിന്റെ വിയോഗം നമ്മുടെ സംഘടനയ്ക്കും വമ്പിച്ച നഷ്ടം തന്നെയാണ്. അദ്ദേഹം ബാങ്കിലെ യൂണിയനിൽ പ്രവർത്തിച്ച അതേ പ്രതിബദ്ധതയോടെ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനിലും പ്രവർത്തിച്ചു. ഈ ശൂന്യത പരിഹരിക്കാനാകാത്ത ഒന്നാണ്. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യ ശാന്തി നേരുന്നു.

ഹൃദയപൂർവ്വം,



ആന്റണി ഡി' കൊട്ട




എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ആലപ്പുഴ യൂണിറ്റ് അംഗം മാർച്ച് 22ന് നിര്യാതനായ രാജശേഖരൻ നായർ

# ഗോപിനാഥ് .ബി



ഗോപിനാഥ് .ബി

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ഏരിയാ അസിസ്റ്റന്റ് ജനറൽ സെക്രട്ടറിയും കോട്ടയം യൂണിറ്റ് അംഗവുമായ ശ്രീ.പി.എസ്.രാജമോഹനൻ നായരുടെ സഹോദരീ ഭർത്താവ് വെള്ളക്കല്ലുങ്കലായ പുത്തൻകണ്ടത്തിൽ പി. എസ്.ലതയുടെ ഭർത്താവ് ഗോപിനാഥ് .ബി (റിട്ട. കാറ്ററിംഗ് സൂപ്പർവൈസർ, ഇന്ത്യൻ റെയിൽവേ) നിര്യാതനായി. മൂലേടം ചേന്നമ്പള്ളിൽ കുടുംബാംഗമാണ്.

ശവദാഹം 04-05-2021 ഉച്ചക്ക് 12 മണിക്ക് **വീട്ടുവളപ്പിൽ** കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് സംസ്ക്കാരം**നടത്തി.** മക്കൾ: സരിഗ നാഥ്, സംഗീത നാഥ്, മരുമകൻ: കൃഷ്ണ ചന്ദ്രൻ ജി. **സന്തപ്ത കുടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്കു ചേരുന്നതോടൊപ്പം പരേതാത്മാവിന് നിത്യ ശാന്തി നേരുകയും ചെയ്യുന്നു.**

# കെ.എൻ.അറുമുഖൻ

**എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ പാലക്കാട് യൂണിറ്റ് അംഗം എസ്.ബി. ഐ. റിട്ട. ഉദ്യോഗസ്ഥൻ അഗളി അനിതാഭവനിൽ കെ.എൻ.അറുമുഖൻ അന്തരിച്ചു. 63 വയസ്സായിരുന്നു. ഭാര്യ:ജയലക്ഷ്മി, മക്കൾ അനിത, ജയന്തി, അംബിക. മരുമകൻ: ദേവരാജ്**



**കെ.എൻ.അറുമുഖൻ**

**അദ്ദേഹത്തിന്റെ നിര്യാണത്തിൽ** എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

# വി.ഗോപാലകൃഷ്ണൻ നായർ

**എസ് ബി ഐ പെൻഷൻ അസോസിയേഷന്റെ തിരുവനന്തപുരം ജില്ലാ കേന്ദ്രത്തിന്റെ** അംഗം **(LM 6808) ശ്രീ.**വി.ഗോപാലകൃഷ്ണൻ നായർ (63) ഗോകുലം, മണക്കാട്, **തിരുവനന്തപുരം,** കോവിഡ് ബാധിച്ച് ചികിത്സയിലിരിക്കവെ ആകസ്മികമായി നിര്യാതനായ വിവരം ഖേദപൂർവ്വം അറിയിക്കുന്നു.



വി.ഗോപാലകൃഷ്ണൻ നായർ

**അദ്ദേഹത്തിന്റെ നിര്യാണത്തിൽ** എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

# ഇ.ജനാർദ്ദനൻ

**എസ് ബി ഐ പെൻഷൻ അസോസിയേഷന്റെ പാലക്കാട് ജില്ല കേന്ദ്രത്തിന്റെ** അംഗം **(LM No 1532) ഇ.ജനാർദ്ദനൻ എംബാനത്ത് വീട്ടിൽ , വെട്ടുകാട്, പെരുവേംബ, പാലക്കാട് നിര്യാതനായ വിവരം വ്യസനസമേതം അറിയിക്കുന്നു.**



ഇ.ജനാർദ്ദനൻ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ അനുശോചനം അറിയിക്കുന്നു. സന്തപ്ത കുടുംബാംഗങ്ങളുടെ ദുഖത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷനും പങ്കുചേരുന്നു.

# എസ്.ഹരിഹര അയ്യർ



എസ്.ഹരിഹര അയ്യർ

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം യൂണിറ്റ് അംഗം തിരുവനന്തപുരം : കോട്ടയ്ക്കകം വലിയ പള്ളത്തെരു വിൽ എസ്.പി.ആർ.എ. 145 എസ്.ഹരിഹര അയ്യർ ( റിട്ട . എസ്.ബി.ഐ. , മരക്കട റോഡ് ) അന്തരിച്ച വിവരം വ്യസന സമേതം റിപ്പോർട്ട് ചെയ്യുന്നു.. ഭാര്യ : പരേതയായ സിതാലക്ഷ്മി . മകൻ : സുബ്രമണി എ ച്ച് . മരുമകൾ : പാർവതി .

# രാജു സ്റ്റീഫൻ



രാജു സ്റ്റീഫൻ

രാജു സ്റ്റീഫൻ എസ് ബി ഐ റിട്ടയേർഡ് സ്റ്റാഫ് നിര്യാതനായ വിവരം വ്യസന സമേതം അറിയിക്കുന്നു.. കോട്ടയം ബ്രാഞ്ചിൽ ദിർഘകാലം സ്റ്റാഫ് യൂണിയൻ നേതാവായിരുന്നു. സർവീസിൽ നിന്ന് വിരമിച്ചതിന് ശേഷം സ്കോട്ലൻഡിൽ സ്ഥിരതാമസം ആയിരുന്നു. എല്ലാവർക്കും സർവ്വ സമ്മതനായ, സത്യസന്ധനും സ്ഥിരോത്സാഹിയുമായിരുന്നു രാജു. സഹപ്രവർത്തകരുടെ ഏതാവശ്യങ്ങളും സാധിച്ചെടുക്കുന്നതിന് ഏതറ്റം വരെയും പോകാൻ മടികാണിക്കാത്ത പ്രവർത്തന ശൈലിയാൽ അണികളുടെ ഹൃദയം കവർന്ന നേതാവായിരുന്നു അദ്ദേഹം. മുൻ ദേശീയ വോളീബോൾ താരമായിരുന്നു. ഭാര്യ:മോളി വർഗീസ് മക്കൾ: ലിബിൻ, വിപിൻ, അന്ന. മരുമകൻ: ജെഫി

എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷന്റെ കോട്ടയം ജില്ല കേന്ദ്രത്തിന്റെ അനുശോചനം അറിയിക്കുന്നു. അദ്ദേഹത്തിന്റെ അകാല നിര്യാണത്തിൽ കുടുംബത്തിന്റെയും ബന്ധുക്കളുടേയും സുഹൃത്തുക്കളുടേയും ദുഃഖത്തിൽ പങ്ക് ചേരുകയും ചെയ്യുന്നു

## അറിയുന്ന ആർക്കും അടുത്തായിരുന്ന രാജു സ്റ്റീഫൻ

അതേ, അറിയുന്ന ആരുടെയും ആൽമ ത്തോടടുക്കുന്നവൻ ആയിരുന്നു ഈ രാജു സ്റ്റീഫൻ. സദാ രസികനായ, ആരെയും ആകർഷിച്ചിരുന്ന ഞങ്ങളുടെ രാജു സ്റ്റീഫൻ. ആരും ആ രണ്ടു പേരുകൾ ഒന്നിച്ചേ പറയുമായിരുന്നുള്ളു.പഴയ ബോംബെ സർക്കിലിൽ നിന്നും രാജു സ്റ്റീഫൻ കോട്ടയത്തേക്ക് വന്നു.വന്നു, കണ്ടു, കീഴടക്കി എന്നു തന്നെ പറയണം. അത്ര പെട്ടെന്ന് മലയാളം, ഇന്ഗ്ലീഷ്, ഹിന്ദി, കുറച്ചു തമിഴ് എല്ലാം പറയുന്ന രാജു സ്റ്റീഫൻ ഞങ്ങളുടെ മനം കീഴടക്കി.

പ്രശസ്തനായ വോളിബോൾ താരമായിരുന്ന രാജു സ്റ്റീഫൻ, അതു മാത്രമല്ലായിരുന്നു. പാട്ടും, പ്രസംഗവും, അഭിനയവും രാജു സ്റ്റീഫന് അന്യമല്ലായിരുന്നു. സർവകലാവല്ലഭനായിരുന്ന രാജു സ്റ്റീഫന്, ബാങ്ക് ജോലിയും വശമായിരുന്നു. മിക്കപ്പോഴും അതു തൃപ്തികരമായി ചെയ്തിരുന്നു. രാജു സ്റ്റീഫൻ സംഘടനാ പ്രവർത്തനങ്ങളിലും വെട്ടിത്തിളങ്ങിയിരുന്നു. ധീരമായി രാജു സ്റ്റീഫൻ തന്റെ സംഘടനയെ നയിച്ചിരുന്നു.

രസിക്കാനും രസിപ്പിക്കാനും ഏറെ ശ്രമിച്ചിരുന്ന രാജു സ്റ്റീഫൻ, ജീവിതത്തിൽ പലപ്പോഴും ലക്ഷ്യങ്ങളിൽ നിന്നും വഴുതിപ്പോയിരുന്നെങ്കിൽ അതു സ്വാഭാവികം മാത്രം. രാജു സ്റ്റീഫൻ ജ്വലിക്കുന്ന ഒരോർമയാണ് SBI കുടുംബത്തിന്. ഞങ്ങൾ വേദനയോടെ ഈ അകാല വിയോഗത്തിൽ അനുശോചിക്കുകയും കുടുമ്പത്തിന്റെ ദുഃഖത്തിൽ പങ്കുചേരുകയും ആൽമാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു. **ആദരാഞ്ജലികൾ!**



പി പി ഫിലിപ്പ്

# ശ്രീമതി. ചേച്ചമ്മ തോമസ്

എസ് ബി ഐ പെൻഷൻ അസോസിയേഷൻ കോട്ടയം ജില്ല കേന്ദ്രത്തിന്റെ വൈക്കം ഏരിയ അംഗം തലയോലപ്പറമ്പ് പെരുമ്പള്ളിൽ പി.എം. ജോയിയുടെ ഭാര്യ ശ്രീമതി ചേച്ചമ്മ നിര്യാതയായ വിവരം വ്യസന സമേതം അറിയിക്കുന്നു.. മേയ് 10ന് തിങ്കളാഴ്ച്ച രാവിലെ 9 മണിക്ക് ഭവനത്തിൽകൊണ്ടു വന്നു, 11 മണിക്ക്. തലയോലപ്പറമ്പ് സെന്റ് ജോർജ് പള്ളി സെമിത്തേരിയിൽ ശവസംസ്കാരം നടത്തി. . വേർപാടിൽ എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ കോട്ടയം ജില്ലാ സെന്റർ അനുശോചനം അറിയിക്കുന്നു.



ശ്രീമതി. ചേച്ചമ്മ തോമസ്

ആദരാഞ്ജലികൾ ?

നമ്മുടെ പെൻഷനേഴ്സ് കുടുംബാംഗമായ തലയോലപ്പറമ്പ് പെരുമ്പള്ളിൽ പി.എം. ജോയിയുടെ ഭാര്യയാണു പരതയായ. സൗത്തിൻന്ത്യൻ ബാങ്ക് ഉദ്യോഗസ്ഥയായിരുന്ന ശ്രീമതി. ചേച്ചമ്മ. ആപ്പാഞ്ചിറ പുതുക്കുളങ്ങര കുടുംബാംഗമാണ്. ഇവർക്കു മക്കൾ മൂന്നാണ്. ഇപ്പോൾ തലയോലപ്പറമ്പിൽ താമസം . കോറോണാ - ലോക്ഡൗൺ സാഹചര്യങ്ങളിൽ നമുക്കു പരേതക്കു വേണ്ടി പ്രാർത്ഥിക്കാം. ജോയിയുടേയും കുടുംബത്തിന്റെയും ദുഖത്തിൽ പങ്കു ചേരാം. നമ്മുടെ അനുശോചനം ജോയിയെ അറിയിക്കാം. ദൈവം പരേതക്കു നിത്യ ശാന്തി നൽകട്ടെ, കോട്ടയം ജില്ല സെന്റർ എല്ലാ പ്രവർത്തകരുടെയും പേരിൽ അനുശോചനം അറിയിക്കുന്നു.

പി പി ഫിലിപ്പ്



,
വൈക്കം ഏരിയ കൺവീനർ .,
എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ

# ജോർജ്ജ്.എൻ.എ.

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം യൂണിറ്റ് അംഗം, എറണാകളം പുതുവൈപ്പ് ഗുരുദേവ ലെയിനിൽ നെടുമ്പറമ്പിൽ ജോർജ്ജ്.എൻ.എ. (എൽ.എം.3473) നിര്യാതനായ വിവരം വ്യസന സമേതം അറിയിക്കുന്നു..



ജോർജ്ജ്.എൻ.എ.

അദ്ദേഹത്തിന്റെ നിര്യാണത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു.

# തെയ്യുണ്ണി നായർ



തെയ്യുണ്ണി നായർ

എസ്.ബി.ഐ. റിട്ട. അസിസ്റ്റന്റ് ജനറൽ മാനേജർ ശ്രീ.കേശവപിള്ളയുടെ ഭാര്യാ പിതാവ് ഒറ്റപ്പാലം, കണ്ണിയംപുരം ജെ.കെ.നഗർ ശ്രീലക്ഷ്മിയിൽ തെയ്യുണ്ണി നായർ (86) അന്തരിച്ച വിവരം വ്യസന

**സമേതം അറിയിക്കുന്നു. വേർപാടിൽ എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ അനുശോചനം അറിയിക്കുന്നു .**

## . കെ.സി.ഭാസ്കരൻ നായർ



എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ആലപ്പുഴ യൂണിറ്റ് സീനിയർ അംഗം, **(LMM.109)** കെ.സി.ഭാസ്കരൻ നായർ നിര്യാതനായ വിവരം ഖേദപൂർവ്വം റിപ്പോർട്ട് ചെയ്യുന്നു. **എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷന്റെ അനുശോചനം അറിയിക്കുകയും കുടുംബത്തിന്റെ ദുഃഖത്തിൽ പങ്ക് ചേരുകയും ചെയ്യുന്നു**

## രോഹിത് മാമ്മൻ അലക്സ്



രോഹിത് മാമ്മൻ അലക്സ്

**എസ്.ബി.ഐ. റിട്ട. അസിസ്റ്റന്റ് ജനറൽ മാനേജർ** ശശി.ജെ.അലക്സിന്റെ മകൻ സുപ്രീം കോടതി അഭിഭാഷകനും ഉത്തർപ്രദേശ് മുൻ അഡീഷണൽ അഡ്വക്കേറ്റ് ജനറലുമായിരുന്ന രോഹിത് മാമ്മൻ അലക്സ് അകാലത്തിൽ അന്തരിച്ച വിവരം ഖേദപൂർവ്വം റിപ്പോർട്ട് ചെയ്യുന്നു. . ശവസംസ്കാരം ബംഗളൂരു ജാലഹള്ളി സെന്റ് മേരീസ് ഓർത്തഡോക്സ് വലിയ പള്ളിയിൽ നടത്തി. **അദ്ദേഹത്തിന്റെ അകാല നിര്യാണത്തിൽ** എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

## കെ.എൻ.സദാനന്ദൻ



കെ.എൻ.സദാനന്ദൻ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കൊല്ലം യൂണിറ്റ് സീനിയർ അംഗം, (LM.298) കെ.എൻ.സദാനന്ദൻ അന്തരിച്ച വിവരം വ്യസന സമേതം അറിയിക്കുന്നു. **അദ്ദേഹത്തിന്റെ നിര്യാണത്തിൽ** എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

## രോഹൻ വർഗീസ് വിൽസൺ



**രോഹൻ വർഗീസ് വിൽസൺ**

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ **പത്തനംതിട്ട** യൂണിറ്റ് സീനിയർ അംഗം, **പത്തനംതിട്ട ശാഖയിൽ നിന്നും ഡെപ്യൂട്ടി മാനേജരായി സർവീസിൽ നിന്ന് വിരമിച്ചതിന ശേഷം ശ്രീമതി,ഷേർളി തോമസിന്റെ മകൻ രോഹൻ വർഗീസ് വിൽസൺ (33) മസ്ക്കറ്റിൽ വച്ച് അന്തരിച്ചുവെന്ന നിർഭാഗ്യകരമായ വാർത്ത വ്യസനസമേതം റിപ്പോർട്ട് ചെയ്യുന്നു.**

**ശവസംസ്കാരം മേയ് 17 തിങ്കളാഴ്ച്ച) വൈകിട്ട് 4 മണിക്ക് ബർണ്ണശ്ശേരി ഹോളി ട്രിനിറ്റി കത്തീഡ്രൽ സെമിത്തേരിയിൽ നടത്തി.** എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

**അദ്ദേഹത്തിന്റെ അകാല നിര്യാണത്തിൽ** എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

# മത്തായി കെ ഐപ്പ്

**റിട്ട:എസ്ബിടി ഉദ്യോഗസ്ഥൻ മത്തായി കെ ഐപ്പ് ( ജോർജു കുട്ടി-എക്സ്സർവ്വീസ്) നിര്യാതനായി. 69 വയസ്സായിരുന്നു. സംസ്കാരം നട്ടാശേരി സെന്റ് ജോർജ് യാക്കോബായ പള്ളിയിൽ, (പൊൻഌി). ഭാര്യ തോപ്പിൽ കുടുംബാംഗമായ അന്നമ്മ മാത്യു. മക്കൾ ഷെറിൻ, ജിഷ. മരുമക്കൾ: ലീന, ജിതിൻ. കൊച്ചുമക്കൾ നൊഹാൻ, നിയ, നെയ്തൻ.**

# സ്റ്റീഫൻ ഡി'ക്രൂസ്

## നിര്യാതനായി



സ്റ്റീഫൻ ഡി'ക്രൂസ്




മത്തായി കെ ഐപ്പ്

എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

**എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കണ്ണൂർ യൂണിറ്റ് അംഗം കണ്ണൂർ: ബർണ്ണശ്ശേരി സ്വദേശിയും പ്രശസ്ത ഫുഡ്ബോൾ താരവുമായ പരേതനായ ജി. ഡിക്രൂസിന്റെ മകൻ സ്റ്റീഫൻ ഡിക്രൂസ്) നിര്യാതനായ വിവരം വ്യസന സമേതം റിപ്പോർട്ട് ചെയ്യുന്നു. 72 വയസ്സായിരുന്നു. അമ്മ : പരേതയായ അന്നമ്മ. ഭാര്യ: ജീറ്റ. മക്കൾ : പ്രവീൺ , പ്രിൻസി (അധ്യാപിക , ശ്രീപുരം ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ, കണ്ണൂർ )**

**മരുമക്കൾ : ആഞ്ജലിന മെർലിൻ ഫോർട്ട് (അധ്യാപിക, സെന്റ് മൈക്കിൾസ് ആംഗ്ലോ ഇൻഡ്യൻ ഹയർ സെക്കണ്ടറി സ്കൂൾ , കണ്ണൂർ ), ബൈജു രാജൻ (ഒമാൻ)**

# ശ്രീ.സാംസൺ തോമസ്

**ബാംഗളൂരു സർക്കിളിൽ എ.ജി.എം. ആയിരുന്ന ശ്രീ.സാംസൺ തോമസ്, കോവിഡ് ബാധിച്ച് തിരുവല്ല മെഡിക്കൽ മിഷൻ ഹോസ്പ്പിറ്റലിൽ ചികിത്സയി ലിരിക്കെ അവിചാരിതമായി നിര്യാതനായ വിവരം ഖേദപൂർവ്വം റിപ്പോർട്ട് ചെയ്യുന്നു,**



### ശ്രീ.സാംസൺ തോമസ്

വേർപാടിൽ എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ കോട്ടയം ജില്ലാ സെന്റർ അനുശോചനം അറിയിക്കുന്നു.

## ഐസക്



ഐസക്

മുൻ എസ്.ബി.റ്റി. കാഷ്യർ ഐസക് അന്തരിച്ചു. പരേതന്റെ കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കു ചേരുന്നതോടൊപ്പം എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ കോട്ടയം ജില്ലാ സെന്റർ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

## ശ്രീമതി.തങ്കമ്മ.പി.യു



### ശ്രീമതി തങ്കമ്മ പി യു

എസ് ബി ഐ പെൻഷൻ അസോസിയേഷൻ കോട്ടയം ജില്ല കേന്ദ്രത്തിന്റെ വൈക്കം ഏരിയ അംഗം ശ്രീ A T ബാബുവിന്റെ മാതാവ് ശ്രീമതി തങ്കമ്മ പി യു 82 വയസ്സ് പൂഴിക്കോൽ , കടുത്തുരുത്തി നിര്യാതയായ വിവരം വ്യസന സമേതം അറിയിക്കുന്നു .

ശവസംസ്കാരം കോവിഡ് പ്രോട്ടോകോൾ പ്രകാരം നടത്തി . പരേതയുടെ അന്മാവിന് നിത്യശാന്തി നേരുന്നു . കോട്ടയം ജില്ലാ സെന്ററിന്റെ ആദരാഞ്ജലികൾ!

## പി.കെ.സത്യൻ



കോട്ടയം മുഖ്യ ശാഖയിൽ വളരെക്കാലം താല്ക്കാലിക ജീവനക്കാരനായി ജോലി ചെയ്തിരുന്ന സത്യൻ നിര്യാതനായ വിവരം വ്യസനസമേതം റിപ്പോർട്ട് ചെയ്യുന്നു.

എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ കോട്ടയം ജില്ലാ സെന്റർ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

# ശ്രീ കെ.സി.എസ് നായർ മുൻ ഡി.ജി.എം.



കെ.സി.എസ് നായർ

അഗാധമായ ദു:ഖത്തോടെ, വിരമിച്ച എസ്.ബി.ഐ. ഡി.ജി.എം. (മുൻ എജിഎം (എച്ച്ആർ) തിരുവനന്തപുരം എൽഎച്ച്ഒ) ഇടപ്പഴഞ്ഞിയിൽ സിഎസ്എം നഗർ ഹൗസ് നമ്പർ 108 “ദേവിപ്രസദം” വീട്ടിൽ ശ്രീ കെ.സി.എസ് നായർ നിര്യാതയായ വിവരം അറിയിക്കുന്നു . മൃതദേഹം അദ്ദേഹത്തിന്റെ വീട്ടിലെത്തിച്ച് ദർശനം അനവദിച്ചിരുന്നു. ശവസംസ്കാരം കോവിഡ് പ്രോട്ടോകോൾ പ്രകാരം നിയന്ത്രണങ്ങൾക്ക് വിധേയമായി തിരുവനന്തപുരം മുട്ടത്തറയിൽ നടത്തി.

അദ്ദേഹം നേരത്തെ കോട്ടയം മെയിൻ ബ്രാഞ്ചിൽ ചീഫ് മാനേജർ പി.ബി. ആയി ജോലി ചെയ്തിരുന്നു. എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

# സഞ്ജീവ് എൻ.ഗവാസ്കർ

ആലപ്പുഴ സർവീസ് ബ്രഞ്ചിലെ സർവീസ് മാനേജരായിരുന്ന സഞ്ജീവ് എൻ.ഗവസ്കർ കോവിഡ് സംബന്ധായ അസുഖങ്ങളേത്തുടർന്ന് തിരവനന്തപുരം കിംസ് ആശുപത്ത്രിയിൽ വച്ച് അകാലത്തിൽ മരണപ്പെട്ട വിവരം അഗാധമായ ദു:ഖത്തോടെ, അറിയിക്കുന്നു.




**സഞ്ജീവ് എൻ.ഗവാസ്കർ**

എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതന്റെ കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കു ചേരുന്നതോടൊപ്പം ആത്മാവിന് നിത്യശാന്തി കിട്ടട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു .

# ഡോ. ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്ത(103) കാലം ചെയ്തു

മാർത്തോമ സഭ വലിയ മെത്രാപ്പോലീത്ത, പത്മഭൂഷൻ ഡോ. ഫിലിപ്പോസ് ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്ത കാലം ചെയ്തു. കുമ്പനാട്ടെ സ്വകാര്യ ആശുപത്രിയിൽ മേയ് 5–ാം തിയതി ബുധ്നാഴ്ച്ച പുലർച്ചെ 1.15 ന് ആയിരുന്നു അന്ത്യം. 104 വയസ്സായിരുന്നു. കബറടക്കം 06.05.2021 ന് ചിന്തയിലേയ്ക്കുള്ള വാതായനമാക്കി ചിരിയെ മാറ്റിയ വലിയ ഇടയനാണ് മാർ ക്രിസോസ്റ്റം മെത്രോപ്പോലീത്ത. ജാതി മതങ്ങൾക്കതീതമായി ഒരു നാടിന്റെ പ്രിയപ്പെട്ടവനായി, ഇതര സമുദായ മനസ്സുകളിലേയ്ക്കും ഇറങ്ങി നടന്ന അസാധാരണ ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്.



**ഡോ. ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്ത**

ലോകത്തിലെ ഏറ്റവും പ്രായം കൂടിയ ബിഷപ്പും ഇന്ത്യയിലെ ക്രൈസ്തവ സഭകളിൽ ഏറ്റവും കൂടുതൽ കാലം ബിഷപ്പും ആയിരുന്ന ആത്മീയ ആചാര്യൻ ആയിരുന്നു അദ്ദേഹം.2018 ൽ രാജ്യം പത്മഭുഷൻ നൽകി ആദരിച്ചു.

**ആദരാഞ്ജലികൾ!**

# മലയാളത്തിന്റെ മണ്ണിൽ നഷ്ടത്തിന്റെ, വേദനയുടെ നിമിഷങ്ങൾ ...



- രാഷ്ട്രീയ കേരളത്തിന്റെ വിപ്ലവനായിക വിശ്വസിച്ച പ്രസ്ഥാനത്തിന് വേണ്ടി സ്വജീവിതം ആത്മാർത്ഥ മായി സമർപ്പിച്ച സഖാവ് ഗൗരിയമ്മ ........
- അക്ഷരങ്ങളുടെ മായാലോകത്തിൽ തന്റേതായ വിസ്മയം തീർത്ത അപൂർവ്വ കലാകാരനും സഹൃദയനുമായ മാടമ്പ് കുഞ്ഞിക്കുട്ടൻ ...
- ഹിറ്റ് സിനിമകളിലൂടെ മലയാളസിനിമയുടെ അഭ്രപാളികളിൽ വർണ്ണപ്രപഞ്ചം സൃഷ്ടിച്ച തിരക്കഥകളുടെ രാജകുമാരൻ ശ്രീ ഡെന്നിസ് ജോസഫ് ...അതേ നികത്താനാവാത്ത നഷ്ടങ്ങളുടെ മണിക്കൂറുകൾ കടന്നുപോകുന്നു ...

# കെ.ആർ ഗൗരിയമ്മ

## കേരളത്തിന്റെ സാമൂഹിക മാറ്റത്തിന് അടിത്തറയിട്ട അൻപതിലധികം നിയമങ്ങളുടെ ശില്പ്പി

കരയാത്ത ഗൗരി, തളരാത്ത ഗൗരി
കലികൊണ്ടു നിന്നാൽ അവൾ ഭദ്രകാളി
ഇതു കേട്ടുകൊണ്ടേ ചെറുബാല്യമെല്ലാം
പതിവായി ഞങ്ങൾ ഭയമാറ്റി വന്നു.
നെറിവറ്റ ലോകം കനിവറ്റ കാലം
പടകാളിയമ്മേ... കരയിച്ചു നിന്നെ....

ബാലചന്ദ്രൻ ചുള്ളിക്കാട്



ഗൗരിയമ്മ

സ്വാതന്ത്ര്യാനന്തരകാലത്തെ കേരളസംസ്ഥാനത്തിന്റെ സാമ്പത്തികവും സാമൂഹ്യവുമായ ചരിത്രഗതിയിൽ നിർണ്ണായകസ്വാധീനം ചെലുത്തുവാൻ കഴിഞ്ഞ പ്രമുഖ രാഷ്ട്രീയനേതാക്കളിൽ ഒരാളാണു് കെ.ആർ. ഗൗരിയമ്മ. അക്കാലത്ത് ഉന്നതമായി കരുതപ്പെട്ടിരുന്ന നിയമ വിദ്യാഭ്യാസം തന്നെ തെരഞ്ഞെടുക്കാൻ തയ്യാറായ കേരള വനിതകളുടെ ആദ്യതലമുറയിൽ പെട്ട കെ.ആർ. ഗൗരിയമ്മ ആധുനികകേരളം കണ്ടിട്ടുള്ള ഏറ്റവും പ്രൗഢയായ വനിതാ ഭരണാധികാരിയായിരുന്നു. 1952-53, 1954-56 എന്നീ കാലഘട്ട ങ്ങളിലെ തിരുവിതാംകൂർ-കൊച്ചി നിയമസഭകളിലും തുടർന്നു് കേരളസംസ്ഥാനത്തിന്റെ ആവിർഭാവത്തോടെ അഞ്ചാം നിയമസഭയിലൊഴികെ ഒന്നു മുതൽ പതിനൊന്നുവരെ എല്ലാ നിയമസഭകളിലും ഗൗരിയമ്മ അംഗമായിരുന്നിട്ടുണ്ടു്. 1957,1967,1980,1987,2001 2004 എന്നീ വർഷങ്ങളിൽ രൂപം കൊണ്ട മന്ത്രിസഭകളിലും അവർ അംഗമായിരുന്നു. കേരളത്തിൽ വിവിധകാലങ്ങളിൽ അധികാരത്തിൽ വന്ന കമ്മ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള മന്ത്രിസഭകളിലും എ.കെ. ആന്റണിയും ഉമ്മൻ ചാണ്ടി യും നയിച്ച ഐക്യ ജനാധിപത്യ മുന്നണി മന്ത്രിസഭകളിലും അവർ പ്രധാനപ്പെട്ട വകുപ്പുകൾ കൈകാര്യം ചെയ്തിട്ടുണ്ട്. റെവന്യൂ വകുപ്പിനു പുറമേ, ഗൗരിയമ്മ വിജിലൻസ്, വ്യവസായം, ഭക്ഷ്യം, കൃഷി, എക്സൈസ്, സാമൂഹ്യക്ഷേമം, ദേവസ്വം, മൃഗസംരക്ഷണം തുടങ്ങിയ വകുപ്പുകൾക്കും നേതൃത്വം കൊടുത്തു് പ്രഗല്ഭയായ ഒരു മന്ത്രിയെന്ന നിലയിൽ അവരുടെ കഴിവു തെളിയിച്ചു. കഴിവുറ്റ ഭരണാധികാരിയായി, ഗൗരിയമ്മയെ പലരും കണക്കാക്കുന്നു. കേരളത്തിന്റെ സാമൂഹിക മാറ്റത്തിന് അടിത്തറയിട്ട അൻപതിലധികം നിയമങ്ങളുടെ ശില്പി യാണ് അവരെന്ന് പറയപ്പെടുന്നു. ആരേയും കൂസാത്ത വ്യക്തിത്വത്തിനുടമ എന്നും കരുതുന്നവരുണ്ട്.

അംഗങ്ങളിൽ നിന്നും പ്രസിദ്ധീകരണ യോഗ്യമായ വാർത്തകൾ ക്ഷണിക്കുന്നു.

**ഉപദേശക സമിതി**

ശ്രീ.കെ.രാജീവൻ,
സംസ്ഥാന പ്രസിഡന്റ്
എ.ജയകുമാർ, സംസ്ഥാന സെക്രട്ടറി

**പത്രാധിപ സമിതി**

രക്ഷാധികാരി
മാത്യു അടയ്ക്കാമുണ്ടയ്ക്കൽ
മാനേജിംഗ് എഡിറ്റർ
ശ്രീ.എം.ജി.രാഘവൻ
ചീഫ് എഡിറ്റർ
ശ്രീ.പി.പി.ഫിലിപ്പ്

പത്രാധിപ സമിതി അംഗങ്ങൾ
പി.എം.ജേക്കബ്
സി.പി.മാത്യു
എം.പി.പുഷ്കരൻ
സി.കെ.വിശ്വനാഥൻ നായർ
ഈശോ ചെറിയാൻ
ജോൺ വി. ചെറിയാൻ
ജോസഫ് ജോൺ
ത്രേസ്സ്യാമ്മ ആന്റണി
കെ.വി.ജോർജ്ജ്
കെ. കെ.പാപ്പച്ചൻ

P.S: ഇതിൽ പ്രകടിപ്പിച്ചിരിക്കുന്ന ആശയങ്ങൾ എല്ലാം എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റേത് ആയിക്കൊള്ളണമെന്നില്ല